# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ. ടി.വി.എം / GP5/904/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ. ടി.വി.എം / GP5/904/22 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 27-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 27-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിസ്സുലാബീവി.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)(18.04.22 മുതൽ 27.04.22 വരെ & 20.05.22)
ശ്രീ.സുരേഷ് ബാബു.ബി.സീനിയർ ഗ്രേഡ് ഓഡിറ്റർ (18.04.22 മുതൽ 19.04.22 & 23.04.22 മുതൽ 27.04.22 വരെ)
ശ്രീ.ജസ്റ്റിൻരാജ്.ടി.എസ്സ്.സീനിയർ ഗ്രേഡ് ഓഡിറ്റർ (18.04.22 മുതൽ 27.04.22 വരെ & 20.05.22)
ശ്രീമതി കല.പി.ഓഡിറ്റർ (18.04.22 മുതൽ 27.04.22 വരെ & 20.05.22)
ശ്രീ.രഞ്ജിത്.ഓഡിറ്റർ-(20.05.22)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വെള്ളനാട് ശശി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി രാജലക്ഷ്മി.കെ.എസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ഹേമലത.ആർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉല്ലാസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലേഖ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.ഷൈൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ഭദ്ര | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ജയകുമാർ | മെഡിക്കൽ ഓഫീസർ.സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.രശ്മി | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.രാജി | മെഡിക്കൽ ഓഫീസർ.ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ പുരുഷോത്തമൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ഉഷ. | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്യാമിനി.വി.എസ് | വി.ഇ.ഒ.1 | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു | വി.ഇ.ഒ.2 | 01-04-2020 | 21-02-2021 |
| ശ്രീമതി ശ്യാമിനി.വി.എസ് | വി.ഇ.ഒ.2 | 22-02-2021 | 31-03-2021 |
| ശ്രീമതി.ചാന്ദ്നി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 15-11-2020 |
| ശ്രീമതി ലാൽസി റാണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക .<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-06-2022) | 1-4 |
| 5 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sindhulabeevi.M (Audit Officer (HG), On 30-05-2022)<br>Last Updated By: Biji T (Computer Assistant, On 17-06-2022) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Suresh Babu B (Senior Grade Auditor, On 23-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.M (Audit Officer (HG), On 10-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sindhulabeevi.M (Audit Officer (HG), On 30-05-2022)<br>Last Updated By: Biji T (Computer Assistant, On 17-06-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 17-06-2022) | 1-9 |
| 10 | ലൈസൻസ് അപേക്ഷകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ട അപാകങ്ങൾ<br>Written By: KALA P. (Auditor, On 10-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-10 |
| 11 | പാറ ക്വാറി --രജിസ്ട്രേഷൻ നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: KALA P. (Auditor, On 10-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-10-1 |
| 12 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: KALA P. (Auditor, On 10-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-11 |
| 13 | വാടക - കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.<br>Written By: KALA P. (Auditor, On 10-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-12 |
| 14 | ലേലം - അപാകങ്ങൾ<br>Written By: KALA P. (Auditor, On 10-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-13 |
| 15 | കെട്ടിട പെർമിറ്റ് ഫീസ്-അപാകങ്ങൾ<br>Written By: KALA P. (Auditor, On 10-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-14 |
| 16 | പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.<br>Written By: KALA P. (Auditor, On 10-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-06-2022) | 1-15 |
| 17 | AFS- ലെ വരവും രജിസ്റ്റർ പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല..<br>Written By: KALA P. (Auditor, On 10-05-2022)<br>Last Updated By: Biji T (Computer Assistant, On 17-06-2022) | 1-16 |
| 18 | മരാമത്തുപദ്ധതികളുടെ രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Sindhulabeevi.M (Audit Officer (HG), On 06-05-2022)<br>Last Updated By: Biji T (Computer Assistant, On 17-06-2022) | 1-17 |
| 19 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ 630386/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: KALA P. (Auditor, On 12-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-18 |

| | | |
|---|---|---|
| 20 | റർബൻ മിഷൻ- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sindhulabeevi.M (Audit Officer (HG), On 10-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-19 |
| 21 | ആസൂത്രണത്തിലെ പാളിച്ച - 8 ലക്ഷം രൂപയുടെ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് തുരുമ്പെടുത്തു.<br>Written By: Sindhulabeevi.M (Audit Officer (HG), On 09-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-19-1 |
| 22 | മൊബൈൽ യൂണിറ്റ്-18 ലക്ഷം രൂപ പാഴ്ചെലവ്<br>Written By: Sindhulabeevi.M (Audit Officer (HG), On 09-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | 1-19-2 |
| 23 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെൻഡറുകൾ അംഗീകരിച്ചില്ല -474137/-രൂപയുടെ അധികച്ചെലവ്<br>Written By: Sindhulabeevi.M (Audit Officer (HG), On 10-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-06-2022) | 1-20 |
| 24 | ജനറേറ്ററിന്റെ ലോഗ് ബുക്ക്-പരിപാലനത്തിലെ അപാകങ്ങൾ<br>Written By: Sindhulabeevi.M (Audit Officer (HG), On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-21 |
| 25 | പദ്ധതി നിർവ്വഹണത്തിലെ അപാകത; 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Justin Raj T.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-06-2022) | 1-22 |
| 26 | രസീത് ബുക്കുകൾ ഹാജരാക്കിയില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-23 |
| 27 | കിണർ റീചാർജ്-പദ്ധതി നടപ്പിലാക്കിയത് ക്രമപ്രകാരമല്ല; 43200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-24 |
| 28 | വീട് മെയിന്റനൻസ് -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ- 200000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-06-2022) | 1-25 |
| 29 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്ന് വാങ്ങി<br>Written By: Justin Raj T.S (Senior Grade Auditor, On 20-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-26 |
| 30 | സ്കൂളുകളിൽ ഫർണീച്ചറുകൾ വാങ്ങി നൽകൽ-സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാതെ വിതരണം നടത്തി.<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-27 |
| 31 | ആദായ നികുതി-ടി.ഡി.എസ്സ്.ഈടാക്കിയില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-28 |
| 32 | എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കൽ-പദ്ധതികൾ ഏറ്റെടുത്തതിലെ അപാകതകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-29 |
| 33 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 383487/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Sindhulabeevi.M (Audit Officer (HG), On 27-06-2022) | 1-30 |
| 34 | അക്കൗണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന് തുക ചെലവഴിച്ചതിനാധാരമായ രേഖകളില്ല- 49000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sindhulabeevi.M (Audit Officer (HG), On 26-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-31 |
| 35 | താത്കാലിക നിയമനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് തന്നെയാണോ എന്നതിൽ വ്യക്തത വരുത്തിയിട്ടില്ല.<br>Written By: Sindhulabeevi.M (Audit Officer (HG), On 26-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-32 |
| 36 | പ്രിന്റിംഗ് പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Sindhulabeevi.M (Audit Officer (HG), On 26-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-33 |
| 37 | ഓൺലൈൻ പഠനത്തിനായി വാങ്ങിയ 25 ടെലിവിഷനുകൾ നാളിതുവരെയായി | 1-34 |

| | | |
|---|---|---|
| | പ്രവർത്തിപ്പിച്ചിട്ടില്ല - 2,70,000/- രൂപ പാഴ്ചെലവ്<br>Written By: Sindhulabeevi.M (Audit Officer (HG), On 26-05-2022)<br>Last Updated By: Biji T (Computer Assistant, On 20-06-2022) | |
| 38 | ചെലവു രേഖ ഹാജരാക്കിയില്ല-325403/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sindhulabeevi.M (Audit Officer (HG), On 28-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-35 |
| 39 | റോഡ് നിർമ്മാണ പ്രവൃത്തികളിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 30-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ .<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്.<br>Written By: Suresh Babu B (Senior Grade Auditor, On 21-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Suresh Babu B (Senior Grade Auditor, On 23-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu B (Senior Grade Auditor, On 23-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Suresh Babu B (Senior Grade Auditor, On 23-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu B (Senior Grade Auditor, On 23-05-2022)<br>Last Updated By: Biji T (Computer Assistant, On 18-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhulabeevi.M (Audit Officer (HG), On 31-05-2022)<br>Last Updated By: Sindhulabeevi.M (Audit Officer (HG), On 27-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu B (Senior Grade Auditor, On 23-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച (കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ) അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ബജറ്റ് 26.03.2020 ലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

1-1-1ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 19041583 |
| വരവ് | 359355000 |
| ആകെ | 378396583 |
| ചെലവ് | 359667740 |
| നീക്കിയിരിപ്പ് | 18728843 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിവരം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| പ്രരംഭ ബാക്കി | 19041583 | 21797256 |
| തൻവർഷം വരവ് | 359355000 | 91505055 |
| ആകെ വരവ് | 378396583 | 113302211 |
| ചെലവ് | 359667740 | 109711207 |
| നീക്കിയിരിപ്പ് | 18728843 | 3591004 |

1-1-2 ബജറ്റ് പ്രൊപ്പോസൽ.

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ബജറ്റ് പ്രൊപ്പോസൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഘടക സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളുടെ അഭാവത്തിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1-1-3 ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധിക തുക ചെലവഴിച്ചു.

ചുവടെ പറയുന്ന ഇനങ്ങളിൽ ബജറ്റ് വകയിരുത്തിയതിനേക്കാളധികം തുക ചെലവഴിച്ചിട്ടുണ്ട്.

| ബജറ്റ് കോഡ് | റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2102002 | 72000 | 129155 |
| 2201001 | 175000 | 223204 |
| 2202101 | 155000 | 608055 |
| 2204001 | 40000 | 73290 |
| 2206001 | 40000 | 49657 |
| 2206101 | 10000 | 11180 |
| 2207001 | 200000 | 310612 |
| 2207101 | 100000 | 164390 |

1-1-4.ബജറ്റ് രൂപീകരണം

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്.

1-1-5.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല .

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

1-1-6.ബജറ്റ് അവലോകനം സംബന്ധിച്ച്

*പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

*വാർഷിക അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർ നിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക .

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 30.7.2021 |

സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1-2-1 ബാധ്യതാ തുകകൾ തൻവർഷവും ചെലവഴിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ മുൻവർഷ B4 ഷെഡ്യൂളുകളിൽ ബാധ്യതയായി നിലനിന്നിരുന്ന തുകകൾ തൻവർഷവും അതേപടി ബാധ്യതയായി നിൽക്കുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 320100116 | Centrally Sponsord Scheme-Sarva Siksha Abhiyan | 400000 |
| 320700104 | Joint Venture Projects-Capital Expenditure From Block Panchayats. | 331400 |
| 320700204 | Joint Venture Projects-Revenue Expenditure From Block Panchayats. | 273374 |
| 320700205 | Joint Venture Projects-Revenue Expenditure From District Panchayats. | 68588 |

| | | |
|---|---|---|
| 320700403 | Revenue Expenditure-Village Panchayats. | 50 |
| 320800299 | Donations To Flood. | 24336 |

ഈ തുകകകൾ ചെലവഴിക്കുകയോ ലഭ്യമാക്കിയ ഏജൻസികൾക്ക് തിരികെ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-2-2 ബാധ്യതാ തുകകൾക്ക് എ.സി.ആർ സൂക്ഷിക്കുന്നില്ല.

Centrally Sponsord Scheme (TSC) 320100115 ഇനത്തിൻ 2019-20 ൽ 731823/- രൂപാ നീക്കിയിരിപ്പുണ്ടായിരുന്നു. തൻവർഷം ഈയിനത്തിൽ 360000/-രൂപ വരവുണ്ട്. 180000/-രൂപ തൻവർഷം റവന്യൂഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ 180000/-രൂപ മാത്രമാണ് നീക്കിയിരിപ്പ്. വർഷാരംഭത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന 731823/- രൂപ ശുചിത്വമിഷൻ അക്കൗണ്ടിലേക്ക് വകമാറ്റിയിരിക്കുന്നു. ഈ തുക വകമാറ്റുവാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ.28) നൽകിയെങ്കിലും പ്രസ്തുത പരാമർശത്തിന് വിശദീകരണം ലഭ്യമാക്കിയില്ല. ഫണ്ടിന്റെ എ.സി.ആർ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയില്ല.

കൂടാതെ ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിൽ (320200322) തൻവർഷം 3243995/-രൂപ വരവുണ്ട്. റവന്യൂ ഇനത്തിൽ ആകെ 1241000/-രൂപ ചെലവുണ്ട്. എന്നാൽ ഈയിനത്തിൽ 2734868/-രൂപ നീക്കിയിരിപ്പ് കാണുന്നു. 731873/-രൂപ കൂടുതൽ കാണുന്നു. ഇത് TSC ഇനത്തിൽ നീക്കിയിരിപ്പ് ഉണ്ടായിരുന്ന തുക വകമാറ്റിയതാണ്. പ്രസ്തുത ഫണ്ടിന്റെ എ.സി.ആർ ഉൾപ്പെടെ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയില്ല.

Centrally Sponsord Scheme-Grants Funds And Contributions For Specific Purpose-central Govt എന്ന ഇനത്തിൽ 19500197 രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു.തൻവർഷം ഈ ഹെഡിൽ 406220/-രൂപ വരവുണ്ട്. ആകെ 19906417/-രൂപ. വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ് 6621138/-ആണ്. തൻവർഷ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക 47685/-ആണ്. ഇവ പൊരുത്തപ്പെടുന്നില്ല. ഈയിനത്തിൽ ചെലവായ മുഴുവൻ തുകയുടെയും ചെലവ് വിവരങ്ങൾ പ്രസ്തുത ഫണ്ടിന്റെ എ.സി.ആർ ഉൾപ്പെടെ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-2-3. Donations To Flood നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമാക്കിയില്ല.

തൻവർഷ B4 പ്രകാരം Donations To Flood (320800299) ഇനത്തിൽ 24336/-രൂപ നീക്കിയിരിപ്പ് കാണുന്നു. വിശദാംശം ലഭ്യമാക്കാനും ആയതിന്റെ രേഖകൾ ലഭ്യമാക്കാനും ആവശ്യപ്പെട്ടിട്ട് വിവരം ലഭ്യമാക്കിയില്ല.

1-2-4.ലോൺ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

B5 ഷെഡ്യൂളിൽ Secured Loan From Co-operative Banks ഇനത്തിൽ 308200/- രൂപയും KURDFC ഇനത്തിൽ 60386667/- രൂപയും ഒടുക്കുവരുത്തുവാൻ ബാക്കിനിൽക്കുന്നു. വിവരങ്ങൾ പരിശോധിക്കുവാൻ ലോൺ രജിസ്റ്റർ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും രജിസ്റ്റർ ലഭ്യമാക്കിയില്ല. എന്നാൽ സെക്രട്ടറി നിർവഹിച്ച പദ്ധതികൾ പ്രകാരം ചുവടെ പറയുന്ന തുകകൾ ലോണിനത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.

| പദ്ധതി നം | പേര് | ഒടുക്കുവരുത്തിയ തുക |
|---|---|---|
| 142/2021 | ഇ.എം.എസ്സ്.ഭവന പദ്ധതി വായ്പ്പാ തിരിച്ചടവ്. | 308200 |
| 223/2021 | ലൈഫ് മിഷൻ വായ്പ്പാ മുതൽ തിരിച്ചടവ്. (എസ്.സി.പി) | 204902 |
| 224/2021 | ലൈഫ് മിഷൻ വായ്പ്പാ മുതൽ തിരിച്ചടവ്. (ടി.എസ്.പി) | 21941 |
| 225/2021 | ലൈഫ് മിഷൻ വായ്പ്പാ മുതൽ തിരിച്ചടവ്. (എസ്.സി.പി) | 204902 |
| 226/2021 | ലൈഫ് മിഷൻ വായ്പ്പാ മുതൽ തിരിച്ചടവ്. (ജനറൽ) | 3905197 |
| 217/2021 | ലൈഫ് മിഷൻ വായ്പ്പാ മുതൽ തിരിച്ചടവ്. (ജനറൽ) | 1800450 |
| 219/2021 | ലൈഫ് മിഷൻ വായ്പ്പാ മുതൽ തിരിച്ചടവ്. (ടി.എസ്.പി) | 21941 |

1-2-5.ഡെപ്പോസിറ്റുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | തുക |
|---|---|---|
| 340109901 | Other Deposit | 346421 |
| 340200108 | Road Cutting Deposit | 1000 |
| 340800101 | Deposit From Others | 2509 |
| 340100201 | Contractors Security Deposit | 84041 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുകയോ അല്ലാത്തവ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-2-6.തനത് വരവിനങ്ങളുടെ ഡി.സി.ബി.പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്ക്സ്. |
|---|---|---|---|---|
| വസ്തുനികുതി-പാർപ്പിടം (തൻവർഷം) | 2287363 | 1672266 | 646095 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |
| വസ്തുനികുതി-പാർപ്പിട ഇതരം (തൻവർഷം) | 2321556 | 1300914 | 1071675 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |
| വസ്തുനികുതി-പാർപ്പിടം (കുടിശ്ശിക) | 908699 | 483864 | 881708 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |
| വസ്തുനികുതി-പാർപ്പിട ഇതരം (കുടിശ്ശിക) | 1681250 | 267764 | 534579 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |
| തൊഴിൽ നികുതി-ട്രേഡേഴ്സ്(കുടിശ്ശിക) | 6250 | 7500 | 0 | ഡിമാന്റിനേക്കാൾ വരവ് |
| ഡി&ഒ ലൈസൻസ്(കുടിശ്ശിക) | ഇല്ല | 1200 | 0 | ഡിമാന്റ് ഇല്ലാതെ വരവ്. |
| മാർക്കറ്റ് വരവ് (തൻവർഷം) | 50000 | 30000 | 10000 | ബാലൻസിൽ 10000/-രൂപ കുറവായി കാണിച്ചിരിക്കുന്നു. |

1-2-7.അഡ്വാൻസ് വിവരങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിലെ അഡ്വാൻസ് തുകകൾ വാർഷിക ധനകാര്യപത്രിക പ്രകാരം പരസ്പരം പൊരുത്തപ്പെടുന്നില്ല. വിവരങ്ങൾ പരിശോധിക്കാവുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

| ഹെഡ് | ഇനം | മുൻബാക്കി | തൻവർഷം നൽകിയ തുക | ആകെ | തൻവർഷം തിരികെ ലഭിച്ച തുക | വർഷാവസാനം ലഭ്യമാകാനുള്ള തുക (2020-21) (B-18) |
|---|---|---|---|---|---|---|
| 460100101 | Festival Advance | 32000 | 135000 | 167000 | 15000 | 17000 |
| 460100103 | Temporary Advance For Official Purpose | 1270314 | 1697217 | 2967531 | 2355982 | 1010594 |
| 460500201 | Advance To KWA | 7163800 | 630386 | 7794186 | 0 | 6155176 |
| 460500202 | Advance To KSEB | 7493591 | 79701 | 7573292 | 0 | 2073292 |
| 460500501 | Advance To Implementing Officers | 208490 | 12768 | 221258 | 375647 | 365611 |

*മേൽ സൂചിപ്പിച്ചിരിക്കുന്ന തുകകളുടെ നീക്കിയിരിപ്പ് വിവരങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

*കേരളാ വാട്ടർ അതോറിറ്റി,കെ.എസ്.ഇ.ബി.എന്നീ സ്ഥാപനങ്ങളിൽ നിന്നും തൻവർഷം ലഭ്യമായ മുഴുവൻ വിനിയോഗസാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല.

*അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി.ലതാകുമാരി എന്ന വ്യക്തിക്ക് 2017 ൽ 24000/-രൂപ അഡ്വാൻസ് നല്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അഡ്വാൻസ് രജിസ്റ്ററിലും വാർഷിക ധനകാര്യപത്രികയിലും പ്രസ്തുത തുക നാളിതുവരെയും ക്രമീകരിക്കാതെ നിൽക്കുന്നു.

<u>1-2-8.B-9 ബാധ്യത ക്രമീകരിക്കുന്നില്ല.</u>

വാർഷിക ധനകാര്യപത്രിക B9 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ബാധ്യതയായി നിലനിന്നിരുന്ന തുകകൾ തൻവർഷവും ബാധ്യതയായി നിലനിൽക്കുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 350800119 | Liability For Programme/Scheme Expenditure. | 35100 |
| 350800299 | Other Liabilities. | 322000 |

<u>1-2-9.ഡെപ്പോസിറ്റ് ഇനങ്ങളുടെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.</u>

ഡെപ്പോസിറ്റ് ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുകകളെ സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക ധനകാര്യപത്രിക പ്രകാരം പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | ഇനം | വർഷാരംഭത്തിലെ നീക്കിയിരിപ്പ് | ലഭിച്ച തുക | തിരികെ നൽകിയ തുക | വർഷാവസാനത്തിലെ നീക്കിയിരിപ്പ് (2020-21) (B7) |
|---|---|---|---|---|---|
| 340100101 | Contractors EMD | 377314 | 0 | 140055 | 103472 |
| 340100103 | Bidders EMD | 29514 | 615386 | 298300 | 631527 |
| 340100201 | Contractors Security Deposit | 64041 | 0 | 0 | 84041 |
| 340200102 | Auction Deposit | 102473 | 32200 | 0 | 164473 |

ഡെപ്പോസിറ്റ് ഇനങ്ങളിൽ തനത് ഫണ്ടിലേക്ക് തുക മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയില്ല.

<u>1-2-10.ക്ഷേമ പദ്ധതി വിവരങ്ങൾ അപാകത നിലനിൽക്കുന്നു.</u>

*സെക്രട്ടറിയുടെ ബിൽബുക്ക് പ്രകാരം 152040/-രൂപ (ബിൽ നം 15/21തീയതി.16.09.2020) തൊഴിലില്ലായ്മ വേതനം ഇനത്തിൽ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

*സെക്രട്ടറിയുടെ ബിൽബുക്ക് പ്രകാരം 60000/-രൂപ (ബിൽ നം 24/21തീയതി.06.11.2020 &ബിൽ നം 34/21 തീയതി.13.01.2021 &)വിവാഹ ധനസഹായം ഇനത്തിൽ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

*മറ്റു പെൻഷൻ ചെലവുകൾ സംബന്ധിക്കുന്ന ഡി.ബി.റ്റി.സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടിട്ട് ആയത് ലഭ്യമാക്കിയില്ല.

<u>1-2-11.ആകെ ബാധ്യത ആകെ നീക്കിയിരിപ്പിനെക്കാൾ അധികമായിരിക്കുന്നു.</u>

ഗ്രാമപഞ്ചായത്തിന്റെ തൻവർഷ നീക്കിയിരിപ്പ് (B-17) 3591004/-ആണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആകെ ബാധ്യത 4522567/-(B-4)ആണ്. ഈ ബാധ്യതാ തുക 4522567/-രൂപ B-17 ൽ ഉൾപ്പെടേണ്ടതാണ്. എന്നാൽ ഇവിടെ ആകെ ബാധ്യത ആകെ നീക്കിയിരിപ്പിനെക്കാൾ അധികമായിരിക്കുന്നു. ഇത് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

<u>1-2-12.റിക്കൺസിലിയേഷൻ പൂർണ്ണമായും ലഭ്യമാക്കിയില്ല.</u>

ചുവടെ സൂചിപ്പിക്കുന്ന അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| കോഡ് | ബാങ്ക് | തുക |
|---|---|---|
| 450210101 | SBT-Own Fund | 2116323 |
| 450210103 | State Bank Of India(Relief Fund) | 37040 |

| | | |
|---|---|---|
| 450250101 | VPFA-1 | 993855 |
| 450420101 | Axis Bank Ltd.(Rurban-1) | 1720 |
| 450610109 | SBT-Paika | 14200 |

1-2-13.ഡിപ്രീസിയേഷൻ പത്രിക ലഭ്യമാക്കിയില്ല.

തനത് ആസ്തികൾക്ക് തൻവർഷം 10556567/- രൂപാ ഡിപ്രീസിയേഷൻ നൽകിയിട്ടുണ്ട്. ഡിപ്രീസിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15939675 | 15939675 | 22161752 | (-)6222077 |
| വികസന ഫണ്ട് (SCP) | 0 | 4532196 | 4532196 | 3525250 | 1006946 |
| വികസന ഫണ്ട് (TSP) | 0 | 1035118 | 1035118 | 1079000 | -43882 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 0 | 10432716 | 10432716 | 9590664 | 842052 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 8200000 | 8200000 | 2647703 | 5552297 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 10682000 | 10682000 | 7740304 | 2941696 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 5870020 | 5870020 | 5231727 | 638293 |

1-3-1 മറ്റ് ഫണ്ടുകൾ.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| MNREGS | 652317 | 1710673 | 2362990 | 2362427 | 563 |
| ICDS | 29541 | 740764 | 770305 | 770305 | 0 |
| Literacy Scheme Grant | 1211 | 41 | 1252 | 0 | 1252 |
| Grant From Suthithwa Mission | 0* | 3243995* | 3243995* | 509127* | 2734868* |
| Total Sanitation | 731873* | 360000* | 1091873* | 911873* | 180000* |
| Sarva Siksha Abhiyan | 400000 | 0 | 400000 | 0 | 400000 |
| Beneficiary Contribution | 68194 | 36840 | 105034 | 0 | 105034 |

*ശുചിത്വ മിഷൻ,ടോട്ടൽ സാനിട്ടേഷൻ ഫണ്ടിനങ്ങളിലെ പരാമർശങ്ങൾ വാർഷിക ധനകാര്യ പത്രികയെ സംബന്ധിക്കുന്ന അപാകതകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.(ഖണ്ഡിക.1-2)

1-3-2പദ്ധതി ചെലവുകൾ എ.സി.ആർ പ്രകാരവും ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | ACR/AFS | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ACR | 15939675 | 15865427 | 74248 |
| | GUS | 15939675 | 22161752 | -6222077 |
| വികസന ഫണ്ട് (SCP) | ACR | 4532196 | 3115446 | 1416750 |
| | GUS | 4532196 | 3525250 | 1006946 |
| വികസന ഫണ്ട് (TSP) | ACR | 1035118 | 1035118 | 0 |
| | GUS | 1035118 | 1079000 | -43882 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | ACR | 10432716 | 10373022 | 59694 |
| | GUS | 10432716 | 9590664 | 842052 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | ACR | 8200000 | 2647703 | 5552297 |
| | GUS | 8200000 | 2647703 | 5552297 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ACR | 10682000 | 10681994 | 6 |
| | GUS | 10682000 | 7740304 | 2941696 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | ACR | 5870020 | 5231727 | 638293 |
| | GUS | 5870020 | 5231727 | 638293 |

1-3-3 സുലേഖ പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തലുകളും ചെലവുകളും.

| ഗ്രാന്റ് | മേഖല | | | | | |
|---|---|---|---|---|---|---|
| | ഉല്പാദനം | | സേവനം | | പശ്ചാത്തലം | |
| | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| വികസന ഫണ്ട്-ജനറൽ | 5516872 | 3908797 | 26079063 | 18204655 | 248300 | 48300 |
| വികസന ഫണ്ട് (SCP) | 50000 | 50000 | 4750324 | 1749804 | 1852840 | 1725446 |
| വികസന ഫണ്ട് (TSP) | - | - | 1470956 | 749268 | 331800 | 329732 |

## 1-4 പദ്ധതി അവലോകനം

### 1-4-1 പദ്ധതി അടങ്കൽ/ചെലവ് വിവരങ്ങൾ.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 181 | 127 | 54 | 137051334 | 64063576 | 70 |

### 1-4-2.നിർവഹണ ഉദ്യോഗസ്ഥർ വിഭാഗം

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 3 | 3 | 2300250 | 900250 | 39.13 |
| വെറ്റിനറി സർജൻ | 5 | 5 | 0 | 4353200 | 2283700 | 52.46 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 4 | 4 | 0 | 1693840 | 1602620 | 34.61 |
| ഹെഡ് മാസ്റ്റർ. | 5 | 2 | 3 | 704360 | 359500 | 51.03 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 0 | 875000 | 875000 | 100 |
| വി.ഇ.ഒ | 19 | 13 | 6 | 54722251 | 12402100 | 22.66 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11 | 8 | 3 | 5713820 | 5076894 | 38.85 |
| സെക്രട്ടറി | 46 | 29 | 17 | 33148955 | 19808478 | 59.75 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 53 | 18 | 28071845 | 18109148 | 54.51 |
| ഡയറിഫാം ഇൻസ്പെക്ടർ | 1 | 1 | 0 | 1600000 | 1260000 | 78.75 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 6 | 4 | 3867813 | 1385886 | 35.83 |
| ആകെ | 181 | 127 | 54 | 137051334 | 64063576 | 46.74 |

1-4-3.ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം).

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| പൊതുവിഭാഗം ജനറൽ | 31844235 | 22161752 |
| എസ്.സി.പി. | 6653164 | 3525250 |
| ടി.എസ്.പി. | 1802756 | 1079000 |
| ധനകാര്യകമ്മീഷൻ അവാർഡ് | 18245499 | 12238367 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4708071 | 2169412 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 2910000 | 124245 |
| തനത് ഫണ്ട്. | 7294297 | 3200077 |
| ബ്ലോക്ക് വിഹിതം | 4634894 | 2783442 |
| ജില്ലാ വിഹിതം | 7276238 | 3430000 |
| മെയിന്റനൻസ് റോഡ് | 10198671 | 7740304 |
| മെയിന്റനൻസ് നോൺ റോഡ് | 5930000 | 5231727 |
| മറ്റുള്ളവ | 35553509 | 380000 |
| ആകെ | 137051334 | 64063576 |

1-4-4 എസ്.സി.പി,ടി.എസ്.പി.ഫണ്ടുകൾ പാഴാക്കി.

വിവിധ പദ്ധതികൾക്കായി വിവിധ നിർവഹണോദ്യോഗസ്ഥർ വകയിരുത്തിയ എസ്.സി.പി,ടി.എസ്.പി.ഫണ്ടുകൾ തൻവർഷം ചെലവഴിച്ചിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതി പേര് | അടങ്കൽ/ഫണ്ട് | പദ്ധതി ഏറ്റെടുത്ത നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 216/21 | ന്യൂലൈഫ് ആറ്റുകാൽ ലക്ഷം വീട് കോളനി. | 1200000. (എസ്.സി.പി) | വി.ഇ.ഒ |
| 88/21 | ലൈഫ് മിഷൻ (ടി.എസ്.പി) | 19326 (ടി.എസ്.പി) | വി.ഇ.ഒ |
| 113/21 | ലൈഫ് മിഷൻ പദ്ധതി ലോൺ തിരിച്ചടവ്. (എസ്.സി.പി) | 1058400 (എസ്.സി.പി) | സെക്രട്ടറി |
| 116/21 | ലൈഫ് മിഷൻ പദ്ധതി ലോൺ തിരിച്ചടവ്. (ടി.എസ്.പി.) | 215800 (ടി.എസ്.പി.) | സെക്രട്ടറി |

| | | | |
|---|---|---|---|
| 130/21 | അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെയുള്ള എസ്.റ്റി.വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം | 100000 (ടി.എസ്.പി.) | എച്ച്.എം |
| 134/21 | ഹൈസ്കൂൾ ക്ലാസ്സുകളിലെ എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം. | 104360 (എസ്.സി.പി) | എച്ച്.എം |

സർക്കാർ ഉത്തരവ് (കൈ)നം11/2018.ത.സ്വ.ഭ.വ.തീയതി.29.01.2018 ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപ പദ്ധതി വിഹിതവും ഖണ്ഡിക 6.2.1 പ്രകാരം പട്ടിക വർഗ ഉപപദ്ധതി വിഹിതവും ഫണ്ടുകൾ പാഴാക്കാൻ പാടില്ല. എന്നാൽ ഈ നിർദ്ദേശം ഇവിടെ പാലിച്ചിട്ടില്ല.

1-4-5.മറ്റ് വിഭാഗങ്ങൾ/ഇനങ്ങൾ.

| ഇനം | ബജറ്റ് ലഭ്യതപ്രകാരം വകയിരുത്തേണ്ട തുക | സുലേഖ പത്രിക പ്രകാരം വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 2100260 | 5413944 | 2010500 | 37.13 |
| കുട്ടികൾ,ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ. | 1050130 | 2863461 | 2355512 | 32.26 |
| വയോജനങ്ങൾ, പാലിയേറ്റീവ് കെയർ. | 1050130 | 1243840 | 1152620 | 32.66 |
| പൊതുഭരണം-സാധാരണം-പശ്ചാത്തലം. | 4494480 | 248300 | 48300 | 19.45 |
| പൊതുവിഭാഗം-എസ്.സി.പി. പശ്ചാത്തലം | 1482600 | 1852840 | 1725446 | 33.14 |
| പൊതുവിഭാഗം-ടി.എസ്.പി. പശ്ചാത്തലം | 323700 | 331800 | 329732 | 39.37 |
| യുവജനവികസനം | - | 120000 | 120000 | 100 |

## 1-5 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18/04/2022-ാം തീയതി രാവിലെ 11.53 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2350/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8243900 | 413 |
| വിധവാ പെൻഷൻ | 29088300 | 1552 |
| വാർദ്ധക്യകാല പെൻഷൻ | 53894900 | 2975 |
| വികലാംഗ പെൻഷൻ | 7768000 | 407 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2073800 | 110 |

തൊഴിൽ രഹിത വേതനം, വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം എന്നീ ഇനങ്ങളിൽ യഥാക്രമം 152040/- രൂപയുടെയും 60000/- രൂപയുടെയും ചെലവുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന വിഷയങ്ങളിൽ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1) ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

2) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

4) ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും തുടർനടപടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

5) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിൽ മോണിറ്ററിംഗിന്റെ അഭാവം കാണുന്നു. ഇത് മൂലം പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിക്കുന്നതിന് കാലതാമസം നേരിടുകയോ, ഭംഗം ഉണ്ടാവുകയോ ചെയ്യുന്നു. മോണിട്ടറിംഗ് മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

6) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

7) പ്രൊക്യൂർമെന്റ് നടപടികൾ കൂടുതൽ മെച്ചമാക്കാനാവശ്യമായ നടപടികൾ സ്റ്റോർ പർച്ചേസ് മാനുവലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്.

8) പദ്ധതിച്ചെലവുകൾ എല്ലാം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതും സുലേഖയിലെ ചെലവു പത്രികയിൽ പൊരുത്തക്കേടുകൾ വരുന്നില്ലെന്നു ഉറപ്പാക്കേണ്ടതുമാണ്.

9)പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

10) ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്

11) മരാമത്തുപദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവും ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ടെണ്ടർ നടപടികൾ സുതാര്യമാക്കേണ്ടതുണ്ട്.

12) പണി പൂർത്തീകരിച്ച വെജിറ്റബിൾ പ്രോസസിംഗ് യൂണിറ്റ്, ടേക്ക് എ ബ്രേക്ക് , വെളിയന്നൂർ ഇൻഡോർ സ്റ്റേഡിയം, അംഗൻവാടികൾ തുടങ്ങി എല്ലാ കെട്ടിടങ്ങളും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
13) റർബൺ മിഷൻ ഫണ്ട് ഉപയോഗിച്ച് ചെയ്ത എല്ലാ പ്രോജക്ടുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 652317 | 1710673 | 2362990 | 2362427 | 563 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 64178000 | 64178000 | 64178000 | 0 |
| ആകെ | 652317 | 65888673 | 66540990 | 66540427 | 563 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2021 | 2/2021 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2018 | 2010-11 മുതൽ 2014-15 വരെ | 19.06.2018 |

## 1-10 ലൈസൻസ് അപേക്ഷകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ട അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 371 വ്യാപാര സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ

286 വ്യാപാര സ്ഥാപനങ്ങൾ ആണ് ലൈസൻസ് രജിസ്റ്റർ പ്രകാരം ഉള്ളത്. ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ ഇവ തമ്മിൽ പരിശോധിച്ചപ്പോൾ വിവിധ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നുണ്ട്.

A. 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ അപേക്ഷയിൽ മൂലധനനിക്ഷേപം/വിറ്റുവരവ് വിവരം രേഖപ്പെടുത്തിയിട്ടില്ല.

31/10/2017 -ലെ ഭേദഗതി ചട്ടങ്ങൾക്ക് മുമ്പ് വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കിയിരുന്നത്. എന്നാൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസസുകളായി സ്ഥാപനങ്ങളെ തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് പുതുക്കിയ പട്ടിക II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനനുസരിച്ചാണ് ഫീസ് ഈടാക്കേണ്ടത്. ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് ഈടാക്കിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനയുടമയുടെ പേര് | വാർഡ് /കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | സോമൻ | 6/385 | കരകൗശല ഉല്പന്നങ്ങൾ |
| 2 | ജയചന്ദ്രൻ ജി | XII/1684 | ഫിസിയോതെറാപ്പി സെന്റർ |
| 3 | രാധാദേവി | 1/754,755 | ഗ്രീൻ ടീ ആന്റ് ജ്യൂസ് വില്പന |
| 4 | A P നാസറുദ്ദീൻ | XVIII/311,312,313,314,315 | സ്റ്റാർ കാഷ്യൂ കമ്പനി |
| 5 | മേബിൾ സരോജം | VIII/432 | ചെറുകിടപച്ചക്കറി വ്യാപാരം |

B. 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളിലെ എല്ലാ അപേക്ഷകളിലും ലൈസൻസ് ഫീസ് ഒടുക്കിയ ഇനങ്ങളുടെ വിവരവും ഫീസ് അടച്ച രസീതിന്റെ കോപ്പിയും ഉള്ളടക്കം ചെയ്തിട്ടില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനയുടമയുടെ പേര് | വാർഡ് /കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | സബിൻ | VP 18/659 | ജനറൽ സ്റ്റോഴ്സ് |
| 2 | മുരുകേശൻ | VP12/101,102, | സ്റ്റേഷനറി കട |
| 3 | വിൽസൺ Y | VP9/202 | പലചരക്ക് കട |
| 4 | ഷാജികുമാർ എം | 12/871 | അലുമിനിയം ഫാബ്രിക്കേഷൻ |
| 5 | ശ്രീനിലാൽ എസ് | 8/705,706,707, 708 | എവർ ഗ്രീൻ അലുമിനിയം ഫാബ്രിക്കേഷൻ |

C. ലൈസൻസിനുള്ള അപേക്ഷകളിൽ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനയുടമയുടെ പേര് | വാർഡ്/കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | അഷറഫ് | 10/198 | റബ്ബർ വ്യാപാരം |
| 2 | ജനാർദ്ദനൻ നായർ ഡി | 11/1 | പലചരക്ക് കട |
| 3 | വിപിൻകുമാർ ജി | 12/968 | പലവ്യഞ്ജനം |
| 4 | പി എസ് ശശികുമാർ | 9/149 | പൗൾട്രി ഫാം |
| 5 | നന്ദകുമാർ എം | 12/1304 | ക്ളിനിക്കൽ ലാബ് ആന്റ് ഇ സി ജി |

D. ലൈസൻസിനുള്ള അപേക്ഷകളിൽ മലിനീകരണ നിയന്ത്രണബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനയുടമയുടെ പേര് | വാർഡ്/കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | A P നാസറുദ്ദീൻ | XVIII/311,312,313,314,315 | സ്റ്റാർ കാഷ്യൂ കമ്പനി |
| 2 | അജിത്ത് എ | 13/847 | വെൽഡിംഗ് വർക്ക്ഷോപ്പ് |

| | | | |
|---|---|---|---|
| 3 | അജയ് അജിത്ത് | 13/847 | ക്ളിനിക്കൽ ലാബ് |
| 4 | മനോജ് ജെ വി | 1/716 | പൗൾട്രിഫാം |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/ 20.4.2022) ന് മറുപടി ലഭ്യമാക്കിയില്ല.

## 1-10-1 പാറ ക്വാറി --രജിസ്ട്രേഷൻ നടപടിക്രമങ്ങളിലെ അപാകതകൾ

പാറക്വാറി--രജിസ്ട്രേഷനുവേണ്ടി സമർപ്പിച്ച അപേക്ഷകളിൽ യന്ത്രസാമഗ്രികൾ/വിദ്യുച്ഛക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്നതാണോയെന്നും എത്ര കുതിര ശക്തിയാണ് ഉപയോഗിക്കുന്നത് എന്നുള്ള വിവരമോ, ഫീസ് അടച്ച വിവരമോ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.

| പേര് |
|---|
| റീന പി വിഘ്നേശ്വര ഗ്രാനൈറ്റ്, വേങ്കോട് |
| പോബ്സ് ഗ്രാനൈറ്റ്സ് |

ഓഡിറ്റ് എൻക്വയറിക്ക് (നം. 06/21-4-2022) മറുപടി ലഭ്യമാക്കിയില്ല.

## 1-11 തൊഴിൽ നികുതി - അപാകങ്ങൾ

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ 16/25/4/2022 നമ്പർ ആഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. ഹോമിയോ ആശുപത്രി, വെള്ളനാട് (II Nd Half)
2. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (II Nd Half)
3. KSFE Vellanad (IInd Half)
4. SBI (II Nd Half)
5. ICDS( II Nd Half)
6. Vellanad Block Office (IInd Half)
7. LSGD Block Assistant Executive Engineer (II Nd Half)
8. Gramalayam (II Nd Half)
9. VHSS Vellanad (II Nd Half)
10. Mithranikethan People's College( IInd Half)

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന നികുതി അടച്ച രേഖയില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2020-21 വർഷത്തിലെ സ്ഥാപന നികുതി അടച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 16-25.4.2022 നമ്പർ ആഡിറ്റ് എൻക്വയറിയ്ക്ക് നികുതി ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1. Homeo Clinic Vellanad

2. Milk Extension Service Unit

3. GDS Perfumery

4. Neyyanttinkara Marketting Co-operative Society

5. Shibu Clinic

6. Arshik Herbala

7. Karunasai

8. Ambadi Diary Products

9. Mithranikethan People's College

10.Mithranikethan

11. Dale View Punalal, Shelterhome, Rehabilitation Centre, Paramedical And School

12. Mithranikethan Krishi Vigyan Kendram

ഒടുക്കുവാൻ അവശേഷിക്കുന്ന തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈക്കാര്യത്തിൽ ക്ഷണിക്കുന്നു

## 1-12 വാടക - കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

2020--21 സാമ്പത്തിക വർഷം ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | കടമുറികൾ | വാടക | കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | കുടുംബശ്രീ നാനോ മാർക്കറ്റ് | കടമുറി 15 | രേഖപ്പെടു ത്തിയിട്ടില്ല. | 12 മാസം | രേഖപ്പെടു ത്തിയിട്ടില്ല. |
| 2 | ശശാങ്കൻ നായർ | കടമുറി 16 | 3765 | 2 മാസം April To May | 7530 |
| 3 | പ്രമോദ് | കടമുറി 17 | 4627 | 1 മാസം May | 4627 |
| 4 | സുന്ദരേശൻ നായർ | കടമുറി 18 | 2318 | 2 മാസം April To May | 4636 |
| 5 | പൊന്നമ്പിളി | കടമുറി 23 | 2902 | 2 മാസം April To May | 5804 |
| 6. | ഹരികൃഷ്ണൻ | കടമുറി 24 | 1500 | 7 മാസം April To October | 10500 |
| 7 | ഹരികൃഷ്ണൻ | കടമുറി 25 | 1000 | 7 മാസം April To October | 7000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നമ്പർ (21/25.04.2022) മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശികയിനത്തിൽ ലഭിക്കേണ്ട തുക കൃത്യമായി കണക്കാക്കി വാടകക്കാരിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 ലേലം - അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തിൽ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ നടന്ന ലേലത്തിന്റെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. ലേലത്തുക മുഴുവൻ അടച്ച രേഖകളില്ല.

| ക്രമ നം. | സ്ഥാപനം/ഇനം | ലേലം ഉറപ്പിച്ച വ്യക്തിയുടെ പേര് | ലേല തീയതി | സ്ഥിരപ്പെ ടുത്തിയ തുക |
|---|---|---|---|---|
| I | ചാങ്ങ അടിയന്തിരബണ്ടിൽ നിന്നും സൈഡിൽ നിൽക്കുന്ന പുല്ല് ലേലം | സാം ഡി | 21/03/2021 | 10900 |
| Ii | വെള്ളനാട് മാർക്കറ്റ് | ഹരികുമാർ | 25/09/2020 | 50000 |

2. 2020-21 വാർഷിക ധനകാര്യപത്രിക പ്രകാരം മാർക്കറ്റ് റസീപ്റ്റ് ഇനത്തിൽ 140000/- രൂപ വരവുണ്ട്. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/25.04.2022) മറുപടി ലഭ്യമാക്കിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 കെട്ടിട പെർമിറ്റ് ഫീസ്-അപാകങ്ങൾ

A. 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിട പെർമിറ്റ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണമോ, പെർമിറ്റ് ഫീസ് ഈടാക്കിയ തുകയോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം | ഫയൽ നം, തീയതി | പേര് |
|---|---|---|
| 1 | A3/5247/6/10/20 | Akhil A |
| 2 | A3/5393/7/10/20 | Praveen S |
| 3 | A3/5572/19/10/20 | Beena |
| 4 | A3/6831/24/12/20 | Rekha K S |
| 5 | A3/1305/22/2/21 | Anil Raj |
| 6 | A3/1366/24/2/21 | Vishnu S P |

B. പെർമിറ്റ് ഫീസ് ഈടാക്കിയ തുകയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം | ഫയൽ നം, തീയതി | പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1 | A3/3637 /15/7/20 | R.S Rejitha | 35.91 $M^2$ | വാണിജ്യം |
| 2 | A3/3991/5/8/20 | VishnuMon | 105.42 $M^2$ | പാർപ്പിടാവശ്യം |
| 3 | A3/4288 /18/8/20 | Babu C | 749.3 $M^2$ | പാർപ്പിടാവശ്യം |
| 4 | A3/4720 /11/09/20 | G. Mohanan | 103.51 $M^2$ | രേഖപ്പെടുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 5 | A3/6183 /9/11/2020 | L.V Vijayalal | 149.55 $M^2$ | പാർപ്പിടാവശ്യം |

തുകകൾ കൃത്യമായി രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തുവാൻ ഭാവിയിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

C. പെർമിറ്റ് ഫീസ് കൂടുതൽ ഈടാക്കി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.06.2013 ലെ 32131/ആർ.എ1/2012 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദർ പരിശോധന നടത്തിയതിനു ശേഷം നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ സെക്രട്ടറി പെർമിറ്റ് അനുവദിക്കാവൂ. കാറ്റഗറി II പഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് രൂ.3/$m^2$ഉം വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് രൂ.5/$m^2$ ഉം നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ പെർമിറ്റ് തുക കൂടുതൽ ഈടാക്കി.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനം | ഫയൽ നം, തീയതി | പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ സ്വാഭാവം | ഈടാക്കിയ തുക (Rs.7/$m^2$) | ഈടാക്കേണ്ട തുക (Rs.3/$m^2$) |
|---|---|---|---|---|---|---|
| 1 | A3/1283 /22/2/21 | Ushakumari | 224.31 $M^2$ | പാർപ്പിടാവശ്യം | 1571 | 673 |
| 2 | A3/1355 /24/2/21 | Ratheeshkumar | 99.2 $M^2$ | പാർപ്പിടാവശ്യം | 695 | 298 |
| 3 | A3/1988 /22/3/21 | Vinodkumar | 146.2 $M^2$ | പാർപ്പിടാവശ്യം | 1024 | 439 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് 25/4/2022-ൽ നൽകിയ 23-ാം നം ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അർഹമായതും നിയമപ്രകാരമുള്ളതുമായ തുകകൾ ഈടാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.

സാമൂഹ്യ സുരക്ഷാപെൻഷൻ രേഖപ്പെടുത്തുന്ന പെൻഷൻ രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചിട്ടില്ല. വാർദ്ധക്യകാലപെൻഷൻ രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ 363 പേരുടെ പേരും ഫയൽ നമ്പരും മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. വിധവാപെൻഷനും 99 പേരുടെ പേരും ഫയൽ നമ്പരും മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. പെൻഷൻ അനുവദിച്ച വ്യക്തികളുടെ അപേക്ഷ സ്വീകരിച്ച തീയതി, പ്രസ്തുത വ്യക്തികൾക്ക് എന്നു മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐ ഡി നമ്പർ എന്നീ രേഖപ്പെടുത്തലുകളില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019 ലെ സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും അവ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ നടപടി ക്രമം പാലിച്ചിട്ടില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ഫയൽ നം /തീയതി | പെൻഷൻ |
|---|---|---|---|
| 1 | ശോബി ബി | A4/2298/12/5/20 | വിധവാപെൻഷൻ |
| 2 | ഷീബ എസ് | A4/2773/2/6/20 | വിധവാപെൻഷൻ |
| 3 | സുനില | A4/2886/8/6/20 | വിധവാപെൻഷൻ |
| 4 | പുഷ്പലത സി | A4/3065/15/6/20 | വിധവാപെൻഷൻ |
| 5 | ലതാകുമാരി എസ് | A4/3309/24/6/20 | വിധവാപെൻഷൻ |
| 6 | അപ്പുകുട്ടൻ എം | A4/3832/27/7/20 | വാർദ്ധക്യകാലപെൻഷൻ |
| 7 | സുശീല എൻ | A4/4399/21/8/20 | വാർദ്ധക്യകാലപെൻഷൻ |
| 8 | ചന്ദ്രൻനായർ എം | A4/4716/11/9/20 | വാർദ്ധക്യകാലപെൻഷൻ |
| 9 | ശകുന്തള പി എസ് | A4/5101/29/9/20 | വാർദ്ധക്യകാലപെൻഷൻ |
| 10 | ഗോപകുമാർ | A4/5571/19/10/20 | വാർദ്ധക്യകാലപെൻഷൻ |

ഇതു സംബന്ധിച്ച് 27/4/2022-ൽ നൽകിയ 27-ാം നം ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 AFS- ലെ വരവും രജിസ്റ്റർ പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല..

| ഇനം | AFS പ്രകാരമുള്ള വരവ് | രജിസ്റ്റർ പ്രകാരമുള്ള വരവ് |
|---|---|---|
| ലൈസൻസ് | 237850 | 220650 |
| പാരാമെഡിക്കൽ/ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | Nil | 400 |
| വിവാഹ ധനസഹായം | Nil | 60000 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറി നം 37/27/4/2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാൻ സെക്ഷൻ ക്ലാർക്കിന്റെയും മേൽ ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 മരാമത്തുപദ്ധതികളുടെ രജിസ്റ്ററുകളുടെ പരിപാലനം

പദ്ധതി രൂപീകരണത്തിലും നടപ്പിലാക്കുന്നതിലും എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ മുഴുവനും എഴുതി തയ്യാറാക്കാതെയാണ് അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതി നിർവ്വഹണം നടത്തുന്നത്. കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ, എസ്റ്റിമേറ്റ് രജിസ്റ്റർ, സി.ടി.ഇ. റിപ്പോർട്ടിങ്ങ് രജിസ്റ്റർ, എം. ബുക്ക് രജിസ്റ്റർ, വെൽഫെയർ ഫണ്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ അസറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. തൻ വർഷം നടത്തിയ പ്രവൃത്തികളൊന്നും അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പൊതുമരാമത്ത് മാനുവലിലും, ജനകീയാസൂത്രണ പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖയിലും നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിയ്ക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ്എഞ്ചിനീയറുടെ ഇ7/11350/2015/സി.ഇ/ത.സ്വ.ഭ.വ സർക്കുലർ പ്രകാരവും ഈ റജിസ്റ്ററുകളെല്ലാം മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്നതിന് ചീഫ് എഞ്ചിനീയർ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

## 1-18 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ 630386/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി/തുക |
|---|---|---|---|---|
| കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 109/21 New | 337074 (വികസന ഫണ്ട് TSP) | 337074 | 14/22.2.2021 |
| കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 163/21 (SO) | 679874 (വികസന ഫണ്ട് TSP) | 293312 | 15/24.3.2021 |
| | ആകെ | 630386 | | |

2020-21 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾക്കായി 2018-19-ൽ 1490000/- രൂപ എസ്റ്റിമെന്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 975000/-രൂപയും 2019-20-ൽ 2049100/- രൂപ എസ്റ്റിമേറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 679874/- രൂപയും 2020-21-ൽ 2232100/-രൂപ എസ്റ്റിമെന്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 337074/- രൂപയും കൂടി ആകെ 1991948/- കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ തുടർനടപടി വിവരങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

A. വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖ.

B. കൊടുത്ത തുകയ്ക്കുള്ള പ്രവൃത്തി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട്.

C. പദ്ധതി പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം.

D. വർഷം തോറും എസ്റ്റിമേറ്റ് തുക വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഓരോ വർഷവും നാമമാത്ര തുക അനുവദിക്കുന്നതിന്റെ അടിസ്ഥാനം, ഇങ്ങനെ അനുവദിക്കുന്നതുകൊണ്ട് പദ്ധതി യഥാർത്ഥ്യമാകുവാനുള്ള സാധ്യത പഞ്ചായത്ത് പരിശോധിച്ചിട്ടുണ്ടോ എന്ന വിവരം.

എസ്റ്റിമേറ്റ് പ്രകാരം മുഴുവൻ തുകയും അടച്ചാൽ മാത്രമേ കരാറിൽ ഏർപ്പെടാൻ സാധിക്കുകയുള്ളുവെന്ന് വാട്ടർ അതോറിറ്റിയിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നാണ് വിശദീകരണം. (ഓഡിറ്റ് എൻക്വയറി നം.11/23.04.22 ന്റെ മറുപടി).

2020-21- ൽ പ്രസ്തുത പ്രോജക്ടുകൾക്കായി (പ്രോജക്റ്റ് നം 109, 163) ചെലവഴിച്ച തുകയായ 630386/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-19 റർബൻ മിഷൻ- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

കേന്ദ്ര ഗ്രാമവികസന വകുപ്പ് 2016 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച പദ്ധതിയാണ് ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ. ഈ പദ്ധതി നാഷണൽ റർബൻ മിഷൻ എന്ന പേരിൽ അറിയപ്പെടുന്നു. 25000 മുതൽ 50000 വരെ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തുകളെ ഒരു വികസന ക്ലസ്റ്ററായി വിജ്ഞാപനം ചെയ്ത് അവയുടെ സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകൾക്ക് മുൻതൂക്കം നൽകികൊണ്ട് സ്മാർട്ട് വില്ലേജ് ആക്കുകയാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. വെള്ളനാട്, ആര്യനാട് പഞ്ചായത്തുകൾ ചേർന്നതാണ് വെള്ളനാട് ക്ലസ്റ്റർ. ഇതിനകം ഈ പദ്ധതിയിലൂടെ 150399000/-രൂപ ലഭിച്ചിട്ടുണ്ട്. ലഭിച്ച തുകയെ അടിസ്ഥാനമാക്കിയും ടെണ്ടർ സേവിംഗ്സിലൂടെ ലഭിച്ച തുകയും പ്രയോജനപ്പെടുത്തി 108 വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിൽ 84 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 പ്രോജക്ടുകൾ ഉപേക്ഷിച്ചു. 5 എണ്ണം നാളിതുവരെ തുടങ്ങിയില്ല. ബാക്കിയുള്ള 5 പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. പൂർത്തീകരിച്ച ചില പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടില്ല. അവയുടെ വിശദാംശം ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.
റർബൻ മിഷൻ ഫണ്ട് ഉപയോഗിച്ച് ചെയ്ത എല്ലാ പ്രോജക്ടുകളും പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി ഓഡിറ്റിന് വിധേയമാക്കേണ്ടതുണ്ട്.പ്രസ്തുത പദ്ധതിയുടെ അക്കൗണ്ട് പ്രത്യേകം തയ്യാറാക്കി ഓഡിറ്റിന് സജ്ജമാക്കേണ്ടതാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

### 1-19-1 ആസൂത്രണത്തിലെ പാളിച്ച - 8 ലക്ഷം രൂപയുടെ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് ഉപയോഗശൂന്യം ഉരുപ്പെടുത്തു.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതുകാരണം മെഷീനുകൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല ലക്ഷക്കണക്കിനു രൂപ ചെലവാക്കി വാങ്ങിയ യന്ത്രം ഉപയോഗിക്കാതെ നാശോന്മുഖമായിരിക്കുന്നു.

പ്രോജക്റ്റിന്റെ പേര്: പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് വാങ്ങൽ

പ്രോജക്റ്റ് നമ്പർ: 13/21

നിർവ്വഹണോദ്യോഗസ്ഥൻ: അസി. എക്സിക്യൂട്ടീവ് എൻജിനീയർ

അടങ്കൽ: 9,50.000/-രൂപ

ചെലവ് തുക: 800000/രൂപ (390512/23.1.2020 (Syndicate Bank)

ഫണ്ടിനം: നാഷണൽ റർബൻ മിഷൻ ഫണ്ട്

എഗ്രിമെന്റ് തിയതി- 27/6/19

ഫയൽ നമ്പർ: 13/2017-18/

പദ്ധതി ലക്ഷ്യവും അടങ്കൽ തുകയും

പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുക, പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് പുന:ചംക്രമണത്തിനു സജ്ജമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വെള്ളനാട് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പദ്ധതിയാണ് "പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് വാങ്ങൽ" എന്ന പദ്ധതി. മൊത്തം അടങ്കൽ തുക 950,000/-രൂപയാണെങ്കിലും 800000/- രൂപയാണ് ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചത്.

ഷ്രഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം

ഗ്രാമത്തിന്റെ വിവിധ ശേഖരണകേന്ദ്രങ്ങളിൽ ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കൾ, കുപ്പികൾ മുതലായവ ഷ്രഡിംഗ് യൂണിറ്റിലെത്തിക്കുന്നു. യൂണിറ്റിലെ ജീവനക്കാർ അതിനെ തരംതിരിച്ച് പൊടിയും മറ്റും കളഞ്ഞ് പൊടിക്കാനായി തയ്യാറാക്കുകയും ഇതിനെ ഷ്രഡിംഗ് മെഷീനിലിട്ട് പൊടിച്ചെടുത്ത് ഷ്രഡഡ് പ്ലാസ്റ്റിക് തയ്യാറാക്കുകയും ചെയ്യുന്നു.

സ്ഥലപരിശോധന യിലെ കണ്ടെത്തലുകൾ

ഓഡിറ്റ് ക്യാമ്പിൽ നിന്നും 28.04.2022 പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീന്റെ സ്ഥലപരിശോധന നടത്തി. സ്ഥലപരിശോധനയിൽ പ്രസ്തുത മെഷീൻ ഒരു വീട്ടിന്റെ മുറ്റത്ത് തുരുമ്പെടുത്ത നിലയിൽ കാണപ്പെട്ടു. 3 വർഷ വാറണ്ടിയുള്ള ഈ മെഷീന്റെ വാറണ്ടി കാലയളവ് കഴിഞ്ഞു. അടിസ്ഥാനസൗകര്യം ഒരുക്കാതെ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് വാങ്ങിയതിന്റെ സാഹചര്യം മനസ്സിലായിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം.12/23.04.2022) മറുപടിയായി വെള്ളർക്കോണം വാർഡിൽ സ്ഥാപിക്കുന്നതിനായി മെഷീൻ കൊണ്ടുവന്നതാണെന്നും ജനകീയ പ്രക്ഷോഭം കാരണം സ്ഥാപിക്കാൻ പറ്റാത്തതാണെന്നും അറിയിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ലക്ഷങ്ങൾ ചെലവഴിച്ച് ക്ലീൻ കേരള കമ്പനിയിൽ നിന്നും വാങ്ങിയ മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിവശ്യമായ വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ കഴിയാത്തത് നിർവ്വഹണ ആസൂത്രണത്തിലെ പാളിച്ചയാണ്. പൊതുപണം ചെലവഴിച്ച് വാങ്ങിയ പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ വളരെക്കാലമായി ഉപയോഗിക്കാതെ വച്ചിരിക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവും ഇല്ല. നിലവിൽ ഇതിനുവേണ്ടി വിനിയോഗിച്ച 800000/- രൂപയുടെ ചെലവ് പാഴ്ചെലവായി അവശേഷിക്കുന്നു. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച്, ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾക്കു കാരണമാകുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ശരിയായി സംസ്കരിക്കുന്നതിനും ഷ്രെഡ് ചെയ്യുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും നടപടികളുടെ പുരോഗതി രേഖാമൂലം സമയബന്ധിതമായി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19-2 മൊബൈൽ യൂണിറ്റ്-18 ലക്ഷം രൂപ പാഴ്ചെലവ്

നാഷണൽ റർബൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി സർക്കാരിന്റെ അംഗീകാരം ലഭിച്ച Mobiles Sales Van For Organic Product എന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയത് 2016-17 സാമ്പത്തിക വർഷമാണ്. പച്ചക്കറി വിതരണം പ്രോത്സാഹിപ്പിക്കുന്നതിനായി മൊബൈൽ സെയിൽസ് വാൻ വാങ്ങി അതിനെ ശീതീകരിച്ച് ഫ്രീസർ, ജനറേറ്റർ, റാക്ക്, സെയിൽസ് കൗണ്ടർ, വെയിംഗ് മെഷീൻ എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് ഈ പ്രോജക്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 9,30,000 (ചെക്ക്നം30062750626/13.3.18 Syndicat Bank) 6,20,000 (RTGS UTR 20 1808140035035/14.8.2018Axisbank) രൂപയും ചേർത്ത് 15,50,000/-രൂപ HI_TECH AUTOCRAFT നു നല്കി. ബിൽ ലഭിച്ചപ്പോൾ 2,39,440/ രൂപ കൂടുതൽ വരികയും, ആ തുക തനത് ഫണ്ട് പ്രോജക്ടിലുൾപ്പെടുത്തി HI TECH ന് അധികം നല്കേണ്ടി വരികയും ചെയ്തു. (13.08.2018 DENA Bank). നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത ഈ വാനിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് നല്കിയ എൻക്വയറിക്ക് (12/23.04.22) മറുപടിയായി വാഹനം വർക്ക്ഷോപ്പിലാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലപരിശോധന നടത്തിയതിൽ, വാഹനത്തിന്റെ നിലവിലത്തെ അവസ്ഥ ചുവടെ ചേർക്കും പ്രകാരമാണ്.

1) വാഹനത്തിന്റെ ബാഹ്യഭാഗം തുരുമ്പെടുത്ത് നശിച്ച നിലയിലാണ്.

2) രണ്ട് സൈഡ് വിൻഡോകളും തുരുമ്പെടുത്ത് ഇളകി മാറിയ നിലയിലാണ്.

3) ഡ്രൈവർ സീറ്റിന്റെ മുകൾ ഭാഗത്തെ സീലിംഗ് ഇളകിമാറ്റിയ അവസ്ഥയിലാണ്.

18/12/2018 ൽ രജിസ്റ്റർ ചെയ്ത വാഹനം ആയതുകൊണ്ട് നിലവിൽ ടാക്സി പെർമിറ്റ് രജിസ്ട്രേഷൻ കാലഹരണപ്പെട്ടുകാണുന്നു. കൂടാതെ ഇൻഷ്വറൻസ്, മലിനീകരണ സർട്ടിഫിക്കറ്റ്, ഫിറ്റ്നെസ്സ് എന്നിവയും കാലാഹരണപ്പെട്ടതാണ്. വീണ്ടും വലിയ ഒരു തുക കൂടി ഈ സാമ്പത്തിക വർഷം ചെലവ് ചെയ്താലേ ഈ നിഷ്ക്രീയ ആസ്തിയെ പ്രയോജനപ്പെടുത്താൻ സാധ്യമാവുകയുള്ളൂ. ആയതിനാൽ ഇത് അതീവ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തരമായി ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത്കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്.

## 1-20 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെൻഡറുകൾ അംഗീകരിച്ചില്ല -474137/-രൂപയുടെ അധികച്ചെലവ്

2020-21 കാലയളവിൽ എൻ.ആർ.ഇ.ജി.എസ്സിന്റെ മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യം വേണ്ട മെറ്റീരിയലുകൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച ടെണ്ടറുകളിൽ എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 5% കുറവ് ക്വാട്ട് ചെയ്ത വ്യക്തികളെ ഒഴിവാക്കി എസ്റ്റിമേറ്റ് റേറ്റ് ക്വാട്ട് ചെയ്ത വ്യക്തികൾക്ക് ടെണ്ടർ ഉറപ്പിച്ചു നല്കിയിട്ടുണ്ട്. ഇത്തരത്തിലുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വർക്ക് കോഡ് | നല്കിയ തുക | ടെണ്ടർ കുറവ് (5% തുക) | കോൺട്രാക്ടർ |
|---|---|---|---|---|---|
| 1 | കമ്പനി മുക്ക് കാവുംകുഴി മൺറോഡ് കോൺക്രീറ്റ് | 1614011007/EC /327015. | 3948000 | 19740 | ശ്രീ.സംഗീത്. |

| | | | | | |
|---|---|---|---|---|---|
| 2 | RC ചർച്ച് മുതൽ ആറ്റ്കടവ് റോഡ് കോൺക്രീറ്റ് | 1614011007/EC /327016.. | 3948000 | 19740 | ശ്രീ.സംഗീത് |
| 3 | കത്തിരിക്കോണം മിത്രാനികേതൻ മൺറോഡ് കോൺക്രീറ്റ് | 1614011007/EC /327017 | 3948000 | 19740 | ശ്രീ.സംഗീത് |
| 4 | അയണിത്തലയ്ക്കൽ നെട്ടുമാനൂർ മൺറോഡ് കോൺക്രീറ്റ് | 1614011007/EC /327018 | 395944 | 19797 | ശ്രീ.സംഗീത് |
| 5 | ഉറിയാക്കോട്-മുക്കോല നിരപ്പിൽ | 1614011007/EC /327019 | 394800 | 19740 | ശ്രീ.സംഗീത് |
| 6 | വെള്ളൂർക്കോണം | 1614011007/EC /327020 | 395300 | 19765 | ശ്രീ.സംഗീത് |
| 7 | പുനലാൽ ലക്ഷം വീട് | 1614011007/EC /327022 | 88766 | 44383 | ശ്രീ.സുരേഷ് കുമാർ |
| 8 | മിത്രാനികേതൻ കോണത്തുനട മൺറോഡ് | 1614011007/EC /327023 | 88408 | 44204 | ശ്രീ.ബിജു. |
| 9 | കമ്പനി മുക്ക് ചിറക്കുഴി | 1614011007/EC /327024 | 237105 | 11855 | ‘ |
| 10 | ആറ്റുകാൽ-മുഞ്ഞിനാട് | 1614011007/EC /327025 | 394800 | 19840 | ശ്രീ.ബിജു. |
| 12 | കണ്ണം പള്ളി-വാഴവിള മൺ | 1614011007/EC /327026 | 236367 | 11818 | ശ്രീ.സുമേഷ്. |
| 13 | കണ്ണംപള്ളി മേപ്പേട്ടുമല പുളിച്ചാക്കുഴി | 1614011007/EC /327027 | 394799/ | 19740 | ശ്രീ.സുമേഷ്. |
| 14 | മേപ്പാട്ടുമല-സന്ദീപ് നഗർ | 1614011007/EC /327028 | 392647 | 19632 | ശ്രീ.സുമേഷ്. |
| 15 | ഇറ്റുമൺ | 1614011007/EC /327035 | 394800 | 19840 | ശ്രീ.സുരേഷ് കുമാർ |
| 16 | പള്ളിനട കാരിക്കോണം | 1614011007/EC /327036 | 397245 | 19862 | ശ്രീ.സുരേഷ് കുമാർ |
| 17 | ഏ.ജി.ചർച്ച് മുതൽ ചെറുകോട്ടുകോണം വരെ | 1614011007/EC /327037 | 396140 | 19807 | ശ്രീ.സംഗീത് |
| 18 | പനയറവട്ടം കാരിക്കോണം വരെ | 1614011007/EC /327038 | 394800 | 19840 | ശ്രീ.സുരേഷ് കുമാർ |
| 19 | വേവരിനട റോഡ് | 1614011007/EC /327039 | 380172 | 19008 | ശ്രീ.ബിജു |
| 20 | നിരാഴി ഇടറോഡ് | 1614011007/EC /327040 | 118180/ | 5909 | ശ്രീ.ബിജു. |
| 21 | മഴവൻകോട് തേരാണി മൺറോഡ് | 1614011007/EC /327041 | 395841 | 19792 | ശ്രീ.സുമേഷ് |
| 22 | അരുവിക്കുഴി | 1614011007/EC /327042 | 394551 | 19727 | ശ്രീ.സുമേഷ് |
| 23 | കുന്താണി | 1614011007/EC /327043 | 394797 | 19739 | ശ്രീ.സുമേഷ് |
| 24 | കല്ലൂർത്തല-കന്യാരുപാറ | 1614011007/EC /332239 | 412391 | 20619 | ശ്രീ.സുമേഷ് |
| | | ആകെ | | 474137 | |

ടെണ്ടർ കറവ് വരുത്താത്തുമൂലം 4,74,137/-രൂപ കൂടുതലായി നല്കി. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 1-21 ജനറേറ്ററിന്റെ ലോഗ് ബുക്ക്-പരിപാലനത്തിലെ അപാകങ്ങൾ

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഡീസൽ ജനറേറ്ററിന്റെ ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ജനറേറ്ററിന്റെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ മാസംതോറും ഇന്ധന ആവശ്യങ്ങൾക്കായി തുകകൾ ചെലവിടുന്നതായി കാണുന്നു. എന്നാൽ വാങ്ങിയ ഇന്ധനത്തിന്റെ അളവ്, ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ് എന്നിവ രേഖപ്പെടുത്തുവാനായി ഒരു ഫ്യുവൽ രജിസ്റ്റർ പരിപാലിക്കുന്നില്ല.

2) ഓരോ മാസത്തിലേയും ജനറേറ്റർ പ്രവർത്തിപ്പിച്ച സമയം, മണിക്കൂറിൽ ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ അളവ് എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് 20.05.2022 തീയതിയിൽ നൽകിയ എൻക്വയറി നം.39 ന് മറുപടിയായി ഹാജരാക്കിയ രജിസ്റ്ററിൽ വാങ്ങിയ ഇന്ധനത്തിന്റെ അളവുമാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ജനറേറ്ററിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതാണെന്നും, ഫ്യുവൽ രജിസ്റ്റർ തയ്യാറാക്കുമ്പോൾ ജനറേറ്റർ പ്രവർത്തിക്കുന്ന സമയം സംബന്ധിച്ച വിവരങ്ങൾ കൂടി രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ജനറേറ്ററിന്റെ ഉപയോഗത്തിനായി വാങ്ങുന്ന ഡീസലിന്റെ അളവ്, ഉപയോഗിച്ച ഡീസലിന്റെ അളവ് എന്നിവ രേഖപ്പെടുത്തുവാനായി ഒരു ഫ്യുവൽ രജിസ്റ്റർ പരിപാലിക്കേണ്ടതും അതിലെ വിവരങ്ങൾ കാലികമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-22 പദ്ധതി നിർവ്വഹണത്തിലെ അപാകത; 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പച്ചക്കറി കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പദ്ധതി നമ്പർ | | 108/21 |
| പദ്ധതിയുടെ പേര് | | പച്ചക്കറി കൃഷി (എസ്. സി. പി) വനിത |
| നിർവ്വഹണോദ്യോഗസ്ഥൻ | | കൃഷി ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് (എസ്. സി. പി) | 50000/- |
| ആകെ അടങ്കൽ | | 50000/- |
| ഭരണാനുമതി നമ്പരും തീയതിയും | | 1(1)/30.03.2020 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | | 50000/- (S.C.P) |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | | 02/ 22.03.2021, 50000/- |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിത കർഷകർക്ക് 05 സെന്റ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് 250/-രൂപയുടെ തൈകൾ 250/-രൂപയുടെ ജൈവവളം എന്നിവ നൽകുന്നു. ആകെ 100 യൂണിറ്റിന് 25000/-രൂപയുടെ തൈകളും 25000/-രൂപയുടെ ജൈവവളവും സബ്സിഡി നിരക്കിൽ നൽകുന്നു. ഒരാൾക്ക് ഒന്നിൽ കൂടുതൽ യൂണിറ്റ് നൽകാവുന്നതാണ്.

വികസന ഫണ്ട് (എസ്. സി. പി) ഉപയോഗിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയുടെ ആനുകൂല്യം 28 ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ട്. ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | അപേക്ഷയിലെ ന്യൂനതകൾ |
|---|---|
| അനില. പി, വെള്ളംകൊള്ളി, പഴവീട്ടുമൂഴി | 1) അപേക്ഷ തീയതി: 15.02.2022<br>2) കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ടും സാക്ഷ്യപ്പെടുത്തലും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>3) കൃഷി ഓഫീസറുടെ ഉത്തരവോ ശിപാർശയോ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| സുശീല, അമ്പിലിക്കുഴി തടത്തരികത്ത് വീട്, വെള്ളനാട് | 1) അപേക്ഷ തീയതി: 16.02.2022<br>2) കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ടും സാക്ഷ്യപ്പെടുത്തലും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>3) കൃഷി ഓഫീസറുടെ ഉത്തരവോ ശിപാർശയോ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| സിന്ധു, ആദിത്യ ഭവൻ, അമ്പിലിക്കുഴി, വെള്ളനാട് | |
| അമ്മുക്കുട്ടി, നീരാഴിത്തലയ്ക്കൽ വീട്, വെള്ളനാട്. പി. ഒ | |
| രാധ. ഒ, രാധ വിലാസം, നീരാഴിത്തലയ്ക്കൽ, വെള്ളനാട്. പി. ഒ | |
| ഓമന, രാധ വിലാസം, നീരാഴിത്തലയ്ക്കൽ, വെള്ളനാട്. പി. ഒ | |
| പൊന്നമ്മ, നീരാഴിത്തലയ്ക്കൽ, വെള്ളനാട്.പി. ഒ | |
| കനക<br>ശ്രീജിത്ത് ഭവൻ, നീരാഴിത്തലയ്ക്കൽ, വെള്ളനാട്. പി. ഒ | |
| വിലാസിനി. സി<br>ബി. വി. നിവാസ്, കുളക്കോട് | |
| നീതു. എം. വി<br>ലക്ഷം വീട്, കുളക്കോട് | |
| വസന്ത. എസ്<br>കരിംകുറ്റി കോളനി, ഉറിയാക്കോട്. പി. ഒ | 1) അപേക്ഷ തീയതി: 19.02.2022<br>2) കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ടും സാക്ഷ്യപ്പെടുത്തലും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>3) കൃഷി ഓഫീസറുടെ ഉത്തരവോ ശിപാർശയോ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| പ്രശാന്തി. ബി<br>ശ്രീലക്ഷ്മി നിലയം, മിത്രാനികേതൻ.പി.ഒ | 1) അപേക്ഷ തീയതി: 22.02.2022<br>2) കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ടും സാക്ഷ്യപ്പെടുത്തലും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>3) കൃഷി ഓഫീസറുടെ ഉത്തരവോ ശിപാർശയോ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

| | |
|---|---|
| വിമല. ആർ<br>അരുൺ നിവാസ്, വെളിയന്നൂർ, ചാങ്ങ | 1) അപേക്ഷ തീയതി: 25.02.2022<br>2) കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ടും സാക്ഷ്യപ്പെടുത്തലും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>3) കൃഷി ഓഫീസറുടെ ഉത്തരവോ ശിപാർശയോ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| ജയപ്രഭ. ബി<br>ആർ. കെ ഭവൻ, വെളിയന്നൂർ. പി. ഒ | 1) അപേക്ഷ തീയതി: 26.02.2022<br>2) കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ടും സാക്ഷ്യപ്പെടുത്തലും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>3) കൃഷി ഓഫീസറുടെ ഉത്തരവോ ശിപാർശയോ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| കവിത. എസ്<br>പഴവീട്ടുമൂഴി, വെള്ളംകൊള്ളി കോളനി, വെള്ളനാട്. പി. ഒ | 1) അപേക്ഷ തീയതി ഇല്ല<br>2) കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ടും സാക്ഷ്യപ്പെടുത്തലും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>3) കൃഷി ഓഫീസറുടെ ഉത്തരവോ ശിപാർശയോ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| ജാനി അമ്മ<br>കളക്കോട്, ലക്ഷംവീട്, വെള്ളനാട്. പി. ഒ | |
| സി. കെ. കനകാബായി<br>അമ്പിലിക്കുഴി വടക്കുംകര പുത്തൻവീട്, വെള്ളനാട്. പി. ഒ | |
| വിജയകുമാരി. ആർ<br>കാർത്തിക നിവാസ്, വെളിയന്നൂർ. പി. ഒ | |
| തങ്കമണി. എസ്<br>രാധിക ഭവൻ, നീരാഴി, വെള്ളനാട് | |
| ഉഷ. ജെ. എൽ<br>കട്ടയ്ക്കൽ വീട്, ചാങ്ങ. പി. ഒ | |
| അനിത. എസ്<br>രേവതി, ചെറുകുളം, ചാങ്ങ. പി. ഒ | |
| വിജയകുമാരി<br>മനയ്ക്കകം, കണ്ണംപള്ളി, വെള്ളനാട് | |
| പ്രീത. ബി, കുഴിവിളാകത്ത് പുത്തൻവീട്, കരിക്കകത്തിൻകോണം, മിത്രാനികേതൻ | |
| കുഞ്ഞുമോൾ<br>സനൽ നിലാസ്, പൂവണംമൂട്, വാളിയറ | |
| ലീല. ആർ<br>കിടങ്ങുമ്മൽ, വെളിയന്നൂർ. പി. ഒ | |
| ശൈലജ<br>രാജ് നിവാസ്, ചെറുകുളം, ചാങ്ങ. പി. ഒ | |
| പ്രസന്നകുമാരി<br>പ്രസന്ന വിലാസം, പുതുക്കുളങ്ങര. പി. ഒ | |
| ജയകുമാരി. പി<br>വാറുവിളാകം, പുതുക്കുളങ്ങര. പി. ഒ | |

2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതിയുടെ അപേക്ഷ സ്വീകരിച്ചത് 2021-22 സാമ്പത്തിക വർഷത്തിലാണെന്നതു തന്നെ (പദ്ധതി നിർവ്വഹണം നടന്ന് ഒരു വർഷം കഴിഞ്ഞ്) തികഞ്ഞ അനാസ്ഥയും ക്രമ വിരുദ്ധവുമായ നടപടിയുമാണ്. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാത്തതിനാൽ അംഗീകരിക്കപ്പെട്ട ഗുണഭോക്താക്കൾക്കാണോ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചതെന്ന കാര്യം പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല. റേഷൻ കാർഡിന്റെ പകർപ്പിന്റെ അഭാവത്തിൽ ഗുണഭോക്താക്കളെല്ലാവരും വെള്ളനാട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ളവരാണോ എന്ന കാര്യവും ബോദ്ധ്യപ്പെട്ടിട്ടില്ല. വിതരണ രജിസ്റ്ററും സ്റ്റോക്ക് രജിസ്റ്ററും മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വികസന ഫണ്ട് (എസ്. സി. പി) ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയായതിനാൽ ഇതിന്റെ ഗുണഭോക്താക്കളെല്ലാവരും പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് സ്ഥിരീകരിക്കുന്ന രേഖകൾ അനിവാര്യമായിട്ടുപോലും ആയത് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ പദ്ധതി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന് സ്ഥിരീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം ഉറപ്പു വരുത്താതെ എസ്. സി. പി ഫണ്ടിൽ നിന്നും പണം ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. സ. ഉ (കൈ) നം. 11/2018 തസ്വഭവ, തീയതി. 29.09.2018 എന്ന സർക്കാർ ഉത്തരവിന്റെ 6.1 ഖണ്ഡികയിൽ പട്ടിക ജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലെന്ന നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല പട്ടിക ജാതി/പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിന് ഭരണഘടനപരമായും (ആർട്ടിക്കിൾ 15(4), 16(4), 46) ബാദ്ധ്യതയുണ്ട്. ആയതിനാൽ 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഈ അപാകതകൾ സംബന്ധിച്ച് 23.04.2022 തീയതിയിൽ 13 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-23 രസീത് ബുക്കുകൾ ഹാജരാക്കിയില്ല

ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനു വേണ്ടി 2020-21 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ രസീത് ബുക്കുകൾ കൃഷി ഓഫീസർ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ആയതിനാൽ പിരിച്ചെടുത്ത തുകയെ കുറിച്ചോ പണം ഒടുക്കിന്റെ കൃത്യതയെ കുറിച്ചോ രസീതുകൾ കൈകാര്യം ചെയ്ത രീതിയെ കുറിച്ചോ പരിശോധിക്കുവാൻ ഓഡിറ്റിനു സാധിച്ചിട്ടില്ല. 13523, 13524, 13525, 13527 എന്നീ നമ്പരുകളിലുള്ള നാലു രസീത് ബുക്കുകളാണ് ഹാജരാക്കാനുള്ളത്. പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം യഥാക്രമം 23.04.2020, 29.04.2020, 06.05.2020, 20.05.2020 എന്നീ തീയതികളിലാണ് കൈപ്പറ്റിയിട്ടുള്ളത്. ഇതിൽ ആദ്യത്തെ മൂന്നു ബുക്കുകൾ കൃഷി അസിസ്റ്റന്റും അവശേഷിക്കുന്ന ഒരു ബുക്ക് കൃഷി ഓഫീസറുമാണ് കൈപ്പറ്റിയിരിക്കുന്നത്.

പ്രസ്തുത രസീത് ബുക്കുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 23.04.2022 തീയതിയിൽ 02/23.04.2022 നമ്പരായി ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും രസീത് ബുക്കുകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രസീത് ബുക്കുകളും പിരിച്ചെടുത്ത പണം ഒടുക്കിയതിന്റെയും രേഖകളും എത്രയും പെട്ടെന്ന് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 കിണർ റീചാർജ്-പദ്ധതി നടപ്പിലാക്കിയത് ക്രമപ്രകാരമല്ല; 43200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്പിൽഓവർ പദ്ധതിയാണ് ജലശ്രീ - കിണർ റീചാർജ്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പദ്ധതി നമ്പർ | | 94/21 (22/20) |
| പദ്ധതിയുടെ പേര് | | ജലശ്രീ - കിണർ റീചാർജ് |
| നിർവ്വഹണോദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം) | 151200/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 72000/- |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 108000/- |
| | ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 40000/- |
| ആകെ അടങ്കൽ | | 371200/- |
| ഭരണാനുമതി നമ്പരും തീയതിയും | | 1(4)/10.06.2019 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | | 43200/- (വികസന ഫണ്ട്) |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | | 13/08.06.2020, 14400/- |
| | | 17/30.06.2020, 14400/- |
| | | 23/02.03.2021, 14400/- |

ഈ പദ്ധതിയുടെ ആനുകൂല്യം 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ആകെ 10 ഗുണഭോക്താക്കൾക്കു ലഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 06 ഗുണഭോക്താക്കൾക്കാണ് 7200/-രൂപ വീതം ആനുകൂല്യം ലഭിച്ചത്. ഗുണഭോക്താക്കളിൽ നിന്നും സ്വീകരിച്ച അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽ വിലാസവും | അപേക്ഷയിലെയും അനുബന്ധ രേഖകളിലെയും പൊരുത്തക്കേടുകൾ |
|---|---|---|
| 01 | ആർച്ച് ബാർഡ്<br>എ. ആർ ഹൗസ്, പില്ലാമലയിൽ, കടുക്കാമൂട്, ഉറിയാക്കോട്. പി.ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 19.05.2020 ആണ്. |
| | | അപേക്ഷകൻ പദ്ധതിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയത് കടയുടെ ബിൽ പ്രകാരം 20.02.2020 ൽ ആണ് (ഷെബേന ഇലക്ട്രിക്കൽസ്, കടുക്കാമൂട്, ഉറിയാക്കോട്. പി.ഒ, ബിൽ നം. 107). |
| | | വിനയ് ഇലക്ട്രിക്കൽ സൊല്യൂഷൻസ് എന്ന സ്ഥാപനം പണിക്കൂലിയായി 22000/-രൂപ കൈപ്പറ്റിയത് വൗച്ചർ പ്രകാരം 15.03.2020 ൽ ആണ്. |
| | | എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 28.05.2020 ൽ ആണ് |

| | | |
|---|---|---|
| 02 | റാംഫോൾഡ് ജോൺ. ജെ<br>നടുവിളാകത്ത് വീട്, വെള്ളരിപ്പാറ, കതിരകളം. പി. ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 02.03.2020 ആണ്.<br>എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 27.02.2020 ൽ ആണ് |
| 03 | വിശ്വനാഥൻ. ആർ<br>ഗായത്രി, ചേമ്പപറമ്പ്, കതിരകളം. പി. ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 12.06.2020 ആണ്.<br>അപേക്ഷകൻ പദ്ധതിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയത് കടയുടെ ബിൽ പ്രകാരം 08.06.2020 ൽ ആണ് (ജി. കെ ട്രേഡേഴ്സ്, ചെറിയകൊണ്ണി ഇൻവോയിസ് നം. 22).<br>അയനത്തുർ പ്ലംബിങ് & സാനിട്ടറി വർക്സ്, ചെറിയകൊണ്ണി എന്ന സ്ഥാപനം പണിക്കൂലി കൈപ്പറ്റിയത് വൗച്ചർ പ്രകാരം 08.06.2020 ൽ ആണ്.<br>എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 28.05.2020 ൽ ആണ് |
| 04 | ലീലാമണി<br>ബിജു ഭവൻ, കതിരകളം. പി. ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 23.06.2020 ആണ്.<br>അപേക്ഷക പദ്ധതിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയത് കടയുടെ ബിൽ പ്രകാരം 18.04.2019 ൽ ആണ് (അതുല്യ & അനന്യ ഇലക്ട്രിക്കൽ & പ്ലംബിങ് ഷോപ്പ്, വെള്ളനാട്, ബിൽ നം. 2575).<br>എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 15.06.2020 ൽ ആണ്. |
| 05 | മഞ്ജു. ഡി<br>വിഷ്ണു ഭവൻ, മേലേക്കോണം, കതിരകളം. പി. ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 21.01.2020 ആണ്.<br>എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 20.01.2020 ൽ ആണ്. |
| 06 | പത്മകുമാരി. ആർ<br>വിപഞ്ചിക, ഉറിയാക്കോട്. പി. ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 15.02.2020 ആണ്.<br>അപേക്ഷക പദ്ധതിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയത് കടയുടെ ബിൽ പ്രകാരം 15.02.2020 ൽ ആണ് (ഷെഖേന ഇലക്ട്രിക്കൽസ്, കട്ടക്കാമുട്, ഉറിയാക്കോട്. പി.ഒ, ബിൽ നം. 102).<br>എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 16.01.2020 ൽ ആണ്. |
| 07 | ബിന്ദു. എസ്<br>കിരൺ നിവാസ്, മേലേക്കോണം, കതിരകളം. പി. ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 11.02.2020 ആണ്.<br>അപേക്ഷക പദ്ധതിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയത് കടയുടെ ബിൽ പ്രകാരം 29.01.2020 ൽ ആണ് (റാബീസ് എന്റർപ്രൈസസ്, വെള്ളനാട്, ഇൻവോയിസ് നം. 511).<br>എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 20.01.2020 ൽ ആണ്. |
| 08 | സുധാകുമാരി. എൽ<br>തെക്കുംകര വീട്, ഉറിയാക്കോട്. പി. ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 31.01.2020 ആണ്.<br>വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 09 | മഞ്ജുള. എസ്<br>ആവണി നിലയം, കമ്പനിമുക്ക്. പി. ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 07.08.2020 ആണ്.<br>അപേക്ഷക പദ്ധതിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയത് കടയുടെ ബിൽ പ്രകാരം 03.07.2020 ൽ ആണ് (ബില്ലിൽ കടയുടെ പേരും ബിൽ നമ്പരും രേഖപ്പെടുത്താതെയുള്ള എസ്റ്റിമേറ്റ് ബിൽ).<br>വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 10 | നളിനി. ഡി<br>അശ്വതി, മിത്രാനികേതൻ, മിത്രാനികേതൻ. പി. ഒ | അപേക്ഷ തീയതിയും കരാറിലേർപ്പെട്ട തീയതിയും 29.05.2020 ആണ്.<br>എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 28.05.2020 ൽ ആണ്. |

ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ പദ്ധതി നിർവ്വഹണം നടന്നിരിക്കുന്നത് തികച്ചും അസാധാരണമായ രീതിയിലാണ്. ഒട്ടുമിക്ക അപേക്ഷകളും സമർപ്പിക്കുന്നതിനും കരാറിലേർപ്പെടുന്നതിനും സാധന സാമഗ്രികളും വാങ്ങുന്നതിനും മുമ്പുതന്നെ പ്രവൃത്തി പൂർത്തിയാക്കിയതായി കാണിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റും പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അസ്വാഭാവികമായ കാര്യമാണ്. പ്രവൃത്തി നിർവ്വഹണത്തിൽ നിർവ്വഹണോദ്യോഗസ്ഥന്റെ ലാഘവ സമീപനവും ജാഗ്രതക്കുറവും അനാസ്ഥയുമാണ് ഇത്തരം കാര്യങ്ങൾക്കു വഴിതെളിച്ചതെന്ന് ഓഡിറ്റു വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പണി പൂർത്തീകരിച്ച തീയതിയും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 19.04.2022 തീയതിയിൽ 02 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ "വാല്യുവേഷൻ തീയതിയും അപേക്ഷ തീയതിയും തമ്മിലുള്ള വ്യത്യാസങ്ങൾ മന:പൂർവമായി സംഭവിച്ചിട്ടുള്ളതല്ല" എന്ന എൽ. എസ്. ജി. ഡി ഓവർസീയർ വ്യക്തമാക്കിയിട്ടുണ്ട്. രണ്ട് ഗുണഭോക്താക്കൾക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 19.04.2022 തീയതിയിൽ 01 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് "എൽ. എസ്. ജി. ഡി ഓവർസീയർ വാല്യുവേഷൻ സർട്ടിഫിക്കറ്റ് തന്ന ശേഷമാണ് കരാർ വേണമെന്നുള്ള കാര്യം അറിയാൻ കഴിഞ്ഞത്" എന്ന നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിലും ആനുകൂല്യം കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾക്കുളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാലും മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിലും 2020-21 സാമ്പത്തിക വർഷം ഈ പദ്ധതിക്കു വേണ്ടി വിനിയോഗിച്ച 43200/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് കാര്യ-കാരണ സഹിതം വിശദീകരണവും ഉപോദ്ബലകമായ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുകയുടെ ചെലവ് നിരാകരണമായി മാറുന്നതാണ്.

## 1-25 വീട് മെയിന്റനൻസ് -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ- 200000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് (സ്പിൽഓവർ) വീട് മെയിന്റനൻസ് (ജനറൽ). ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 111/21 (223/19-20) |

| | | |
|---|---|---|
| പദ്ധതിയുടെ പേര് | | വീട് മെയിന്റനൻസ് (ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം) | 411108/- |
| ആകെ അടങ്കൽ | | 411108/- |
| ഭരണാനുമതി നമ്പരും തീയതിയും | | 1(4)/10.06.2019 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | | 400000/- (വികസന ഫണ്ട്) |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | | 01/06.07.2020, 225000/- |
| | | 02/16.07.2020, 25000/- |
| | | 03/12.08.2020, 50000/- |
| | | 04/26.08.2020, 25000/- |
| | | 05/09.09.2020, 25000/- |
| | | 07/20.10.2020, 50000/- |

ഈ പദ്ധതിയുടെ ആനുകൂല്യം 2020-21 സാമ്പത്തിക വർഷം ആകെ 08 ഗുണഭോക്താക്കൾക്കു ലഭിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താക്കൾക്കും 5000/-രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. അപേക്ഷയുടെയും അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ ഒന്നാം ഗഡു തുകയായ 25000/- രൂപ മുൻകൂറായും വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന 25000/- രൂപ രണ്ടാം ഗഡുവായും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു. അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽ വിലാസവും | അപേക്ഷയിലെയും അനുബന്ധ രേഖകളിലെയും അപാകതകൾ |
|---|---|---|
| 01 | മണിഭൂഷണൻ നായർ<br>പമ്മംതല വീട്, കണ്ണമ്പള്ളി, വെള്ളനാട്. പി. ഒ | എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 27.08.2020 ൽ ആണ്. |
| | | അവസാന (രണ്ടാം) ഗഡു തുക അനുവദിച്ചത് 10.08.2020 ൽ ആണ്. |
| 02 | മധുസൂദനൻ<br>എം. ബി. ഭവൻ, മേലേക്കോണം | എസ്റ്റിമേറ്റ് ഇല്ലാതെ തുക അനുവദിച്ചു |
| 03 | രാജി. ആർ. ബി<br>എ. ആർ നിവാസ്, കല്ലേറ്റുമുകൾ, ചാങ്ങ. പി.ഒ | എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 10.07.2020 ൽ ആണ്. |
| | | അവസാന (രണ്ടാം) ഗഡു തുക അനുവദിച്ചത് 06.07.2020 ൽ ആണ്. |
| 04 | പുഷ്പലത. ഐ. റ്റി | അപേക്ഷ സമർപ്പിച്ച തീയതി 27.07.2020 ആണ്. |
| | | എൽ. എസ്. ജി. ഡി ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ചത് 16.07.2020 ൽ ആണ്. |

വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പണി പൂർത്തീകരിച്ച തീയതിക്കു മുമ്പ് അവസാന (രണ്ടാം) ഗഡു തുക അനുവദിച്ചതും അപേക്ഷ സമർപ്പിച്ച തീയതിക്കു മുമ്പ് പണി പൂർത്തീകരിച്ചതായി വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയതും എസ്റ്റിമേറ്റ് ഇല്ലാതെ തുക അനുവദിച്ചതും വാർഡ് മെമ്പർ മാത്രം ഒപ്പ് രേഖപ്പെടുത്തിയ മോണിറ്ററിംഗ് സമിതി റിപ്പോർട്ടും പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടി 21.04.2022 തീയതിയിൽ 07 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് "അപേക്ഷ സമർപ്പിച്ച തീയതി, ഓവർസീയർ വാല്യുവേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച തീയതി, രണ്ടാം ഗഡു തുക അനുവദിച്ച തീയതി എന്നിവയിലുള്ള വൈരുദ്ധ്യം ശ്രദ്ധക്കുറവുകൊണ്ടു സംഭവിച്ചതാണ്" എന്ന നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി പദ്ധതി നിർവ്വഹണം ശരിയായ രീതിയിലല്ലാത്തതിനാൽ പൂർണ്ണമായും അംഗീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ 2020-21 സാമ്പത്തിക വർഷം ഈ പദ്ധതിക്കു വേണ്ടി മേൽ പ്രസ്താവിച്ച 04 ഗുണഭോക്താക്കൾക്കായി വിനിയോഗിച്ച 200000/- (50000X4) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് കാര്യ-കാരണ സഹിതം വിശദീകരണവും ഉപോദ്ബലകമായ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്ന് വാങ്ങി

മെഡിക്കൽ ഓഫീസർ (സി. എച്ച്. സി) നിർവ്വഹണോദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതിയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്നു വാങ്ങി നൽകൽ. ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 128/21 |
| പദ്ധതിയുടെ പേര് | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്നു വാങ്ങി നൽകൽ |

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | | മെഡിക്കൽ ഓഫീസർ (സി. എച്ച്. സി) |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം) | 150000/- |
| ആകെ അടങ്കൽ | | 150000/- |
| ഭരണാനുമതി നമ്പരും തീയതിയും | | 1(1)/30.03.2020 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | | 150000/- (വികസന ഫണ്ട്) |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | | 01/16.06.2020, 50000/- |
| | | 07/12.10.2020, 100000/- |

പാലിയേറ്റീവ് കെയറിനുവേണ്ടി 2020-21 സാമ്പത്തിക വർഷം ഔഷധിയിൽ നിന്നും 50000/-രൂപയുടെ ആയുർവേദ മരുന്നുകൾ വാങ്ങി ചാങ്ങ ആയുർവേദ ഡിസ്പെൻസറിക്ക കൈമാറിയിട്ടുണ്ട്. വകയിരുത്തിയ തുകയിൽ ബാക്കിയുണ്ടായിരുന്ന 100000/-രൂപക്ക് അലോപ്പതി മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് (എൻ. എ. സി) വാങ്ങാതെയാണ് ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുള്ളത്. 14.02.2018 ലെ സ. ഉ (കൈ)നം. 22/2018 ത.സ്വ.ഭ.വ ഖണ്ഡിക 7.5.3 പ്രകാരം മരുന്ന് വാങ്ങുന്നതിനു മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് (എൻ. എ. സി) വാങ്ങിയിരിക്കണമെന്നും ഈ സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് 27.04.2022 തീയതിയിൽ 31 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ആയുർവ്വേദ മെഡിക്കൽ ഓഫീസറുടെ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിലാണ് മരുന്ന് വാങ്ങിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി മാത്രം മരുന്ന് വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 സ്കൂളുകളിൽ ഫർണീച്ചറുകൾ വാങ്ങി നൽകൽ-സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാതെ വിതരണം നടത്തി.

പദ്ധതിനം.- 197/2021

അടങ്കൽ-1000000/-

ചെലവ്-1000000/-

ഫണ്ട്-തനത് ഫണ്ട്.

നിർവഹണം-സെക്രട്ടറി,ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ ഫർണീച്ചറുകൾ വാങ്ങി നൽകുന്നതിനായുള്ള പദ്ധതി പ്രകാരം KADCO യിൽ നിന്നും Hard Wood Bench With Desk-എന്ന ഇനം 21 എണ്ണവും Hard Wood Slop Desk With Bench-എന്ന ഇനം 59 എണ്ണവും വാങ്ങിയിട്ടുണ്ട്. വിവിധ സ്കൂളുകളിൽ നിന്നും കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഫർണീച്ചറുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന് രേഖയില്ല. ഈ അപാകത ഓഡിറ്റ് എൻക്വയറി.നം.32 തീയതി: 27.04.2022 പ്രകാരം സെക്രട്ടറിയെ അറിയിച്ചിരുന്നു. തുടർന്ന് ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-28 ആദായ നികുതി-ടി.ഡി.എസ്സ്.ഈടാക്കിയില്ല.

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാർക്ക് തുക നൽകുമ്പോൾ (വ്യക്തികൾ 1%,സ്ഥാപനങ്ങൾ 2%)ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനം(പദ്ധതി നം 70/21)എന്ന പ്രവൃത്തി ഏറ്റെടുത്ത പ്രിൻസ്-ജെ.എസ്സ് നിലയം വിമലഗിരി കാരോട് എന്ന കരാറുകാരന് നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് പ്രവൃത്തികൾക്ക് തുക നൽകിയിരിക്കുന്നത്. ഈടാക്കേണ്ട തുകകളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ബിൽ/വൗച്ചർ നം. തീയതി | കരാറുകാരന് നൽകിയ തുക | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | കരാറുകാരന് നൽകേണ്ടിയിരുന്ന തുക |
|---|---|---|---|
| 18/2021.തീയതി.29.08.21 | 300000 | 3000 | 297000 |
| 26/2021.തീയതി.23.11.20 | 499000 | 4990 | 494010 |
| | ആകെ | 7990 | 791010 |

നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സൂചിപ്പിച്ച വ്യക്തിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (നം.35) മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-29 എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കൽ-പദ്ധതികൾ ഏറ്റെടുത്തതിലെ അപാകതകൾ.

ഗ്രാമപഞ്ചായത്ത് തൻവർഷം ചുവടെ പറയുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

1.പദ്ധതി നം 26/2021

ഈ പദ്ധതി പ്രകാരം KEL ൽ നിന്നും 302 എണ്ണം 24W LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 3950/-രൂപാ നിരക്കിൽ ആകെ 1192899/-രൂപ ചെലവഴിച്ചിട്ടുണ്ട്.പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാർ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ട്. സ്റ്റോക്ക് വിവരങ്ങൾ ഫയലിനോടൊപ്പം ലഭ്യമല്ല.

2.പദ്ധതി നം 140/2021

ഈ പദ്ധതി പ്രകാരം KEL ൽ നിന്നും 182 എണ്ണം 24W LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുവാൻ 3950/-രൂപാ നിരക്കിൽ ആകെ 718900/-രൂപ ചെലവഴിച്ചിട്ടുണ്ട്.പ്രസ്തുത ലൈറ്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാർ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ട്. സ്റ്റോക്ക് വിവരങ്ങൾ ഫയലിനോടൊപ്പം ലഭ്യമല്ല.

3.പദ്ധതി നം 14/2021.

ഈ പദ്ധതി പ്രകാരം KEL ൽ നിന്നും 10 എണ്ണം 100W LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുവാൻ 14950/-രൂപാ നിരക്കിൽ ആകെ 149500/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ലൈറ്റുകൾ ഏതൊക്കെ വാർഡുകളിൽ എത്ര എണ്ണം വീതം സ്ഥാപിച്ചുവെന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല. സാക്ഷ്യപത്രങ്ങൾ സ്റ്റോക്ക് വിവരങ്ങൾ എന്നിവ ഫയലിനോടൊപ്പം ലഭ്യമല്ല.

ഏറ്റെടുത്ത എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതികളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)പദ്ധതി ആസൂത്രണത്തിനു മുമ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

2)ലൈറ്റുകളുടെ അറ്റകുറ്റപണി നടത്തുന്നതിനു മുമ്പെ കെ.എസ്.ഇ.ബി.യിൽ നിന്നും അനുവാദം വാങ്ങിയിട്ടില്ല.

3)മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

4)പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5)കെൽ വിതരണം ചെയ്ത ലൈറ്റുകളുടെ ബ്രാന്റ് നെയിം ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടെശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-30 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 383487/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് തൻവർഷം തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി നം<br>പേര് | ചെലവ് തുക | ബിൽ നം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 02/2021<br>ഐ.കെ.എം.പ്രവർത്തനങ്ങൾക്ക് തുക നൽകൽ | 103786/- | 46/21<br>തീയതി<br>30/03/2021 | ഐ.കെ.എം. |
| 92/2021<br>സോഷ്യൽ സെക്യൂരിറ്റി മിഷൻ തുക ഒടുക്കൽ | 100000/- | 45/21<br>തീയതി.<br>30.03.2021 | കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 149/21<br>തിരുവനന്തപുരം മെഡിക്കൽ കോളേജിന് മാലിന്യസംസ്കരണ സംവിധാനം | 100000/- | 39/21.<br>തീയതി<br>20.02.2021 | ജില്ലാമിഷൻ കോ-ഓർഡിനേറ്റർ |
| 211/2021<br>പോസ്റ്റ് ഷിഫ്റ്റിംഗ് | 79701/- | 41/21<br>തീയതി<br>09.03.2021 | കെ.എസ്.ഇ.ബി. |
| ആകെ | 383487/- | | |

പ്രസ്തുത പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. ആയവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് (എൻക്വയറി നം 29.) മറുപടിയായി വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ലായെന്നും ആയവ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 383487/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 അക്കൗണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന് തുക ചെലവഴിച്ചതിനാധാരമായ രേഖകളില്ല- 49000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ബിൽ നമ്പർ | വൗച്ചർ നമ്പർ, തീയതി | ചെക്ക് നം./ തീ. | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 52000698 | 220000697/6-10-2020 | 769976/6-10-2020 | 49000 |

കാനറാ ബാങ്കിൽ നിന്നും വായ്പ സമാഹരിച്ച്, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ബാങ്കിൽ നൽകുന്നതിന് പ്രതീക്ഷിത ബാലൻസ് ഷീറ്റ്, ലാഭ നഷ്ട സ്റ്റേറ്റ്മെന്റ്, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കുന്നതിനായി 'ജിബി ആൻഡ് അസോസിയേറ്റ്സ് ചാർട്ടേഡ് അക്കൗണ്ട്സ് ' എന്ന സ്ഥാപനത്തിന് മേൽ പറഞ്ഞ വൗച്ചർ പ്രകാരം 49000/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോ എന്നതും വ്യക്തമല്ല. ജിബി ആൻഡ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ പ്രസ്തുത പ്രവൃത്തിക്കായി തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം അറിയിക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 39 ന മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് സംബന്ധമായ വിശദമായ മറുപടിയും പദ്ധതിയുടെ അനുബന്ധ രേഖകളും ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കും വരെ വൗച്ചർ പ്രകാരം ചെലവ് ചെയ്ത 49000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 താത്കാലിക നിയമനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് തന്നെയാണോ എന്നതിൽ വ്യക്തത വരുത്തിയിട്ടില്ല.

| ബിൽ നം. | വൗച്ചർ നം., തീ. | ചെക്ക് നം./ തീ. | തുക |
|---|---|---|---|
| 5200679 | 22000678/ 1-10-2020 | 2140720/ 1-10-2020 | 410706+139400+17200+ 74730+20800= 6,62,836 |
| 52000464 | 22000464/7-08-2020 | 184658/ 07-08-2020 | 15600 |

22000678 -ാം വൗച്ചർ പ്രകാരം ആനി എ പി - ക്ളർക്ക് ; (ഡെയിലി വേജസ്) എന്ന വ്യക്തിക്ക് സെപ്റ്റംബർ മാസത്തെ ശമ്പളമായി 19980/- രൂപ നൽകിയിട്ടുണ്ട്. സൗമ്യ മോഹൻ (അറ്റൻഡർ) എന്ന വ്യക്തിക്ക് ജൂലൈ മാസത്തെ ശമ്പളമായി 15600/- രൂപ നൽകിയിട്ടുണ്ട്. ടി വ്യക്തികളെ ദിവസ വേതനത്തിൽ ക്ളർക്ക്, അറ്റൻഡർ എന്നീ തസ്തികകളിൽ നിയമിച്ചതുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം ലഭ്യമാക്കണമെന്നും ഇത്തരം നിയമനത്തിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കണമെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 39 ന മറുപടി നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ടി ഒഴിവുകളിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ നിയമനം നടത്തിയിട്ടുള്ളതെന്ന് പരിശോധിച്ചുറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പ്രസ്തുത നിയമനം സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഒഴിച്ചു കൂടാനാകാത്ത സാഹചര്യത്തിൽ കരാർ നിയമനം നടത്തേണ്ടി വരുന്ന പക്ഷം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-33 പ്രിന്റിംഗ് പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

| ബിൽ നം. | വൗച്ചർ നം., തീ. | ചെക്ക് നം./ തീ. | തുക |
|---|---|---|---|
| 52000708 | 22000707/13-10-2020 | 769981/ 08-10-2021 | 31500 |
| 52000690 | 22000693/ 06-10-2020 | 769973/ 06-10-2020 | 28000 |
| 52000774 | 22000775/ 28-10-2020 | 770014/22-10-2020 | 78000 |

വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ ഫോം പ്രിന്റ് ചെയ്ത വകയിലും 2020 ലെ വോട്ടർ പട്ടിക പ്രിന്റ് ചെയ്ത വകയിലും കൈരളി പ്രസ്സ് എന്ന സ്ഥാപനത്തിന് മേൽ പറഞ്ഞ പ്രകാരം തുക കൈമാറിയിട്ടുണ്ട്. സൂപ്പർ ഓഫ് സെറ്റ് നെടുമങ്ങാട്, ഗുരു വന്ദനം പ്രസ്സ് , കൈരളി പ്രസ്സ് എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷൻ രേഖകൾ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുണ്ട്. മൂന്ന് പ്രവൃത്തികൾക്കും ഇതേ മൂന്ന് സ്ഥാപനങ്ങൾ മാത്രമാണ് ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നത്. ടി പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ ദർഘാസ് പരസ്യം, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ടെൻഡർ നടപടികൾ മത്സരാധിഷ്ഠിതമായി തന്നെയാണോ പൂർത്തീകരിച്ചിരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ രേഖകളുടെ അഭാവത്തിൽ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 39 ന മറുപടി ലഭ്യമാക്കിയിട്ടില്ല. വിവിധ പ്രവൃത്തികൾക്കായി ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ ആയതിന് വ്യാപക പ്രചാരണം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ഓൺലൈൻ പഠനത്തിനായി വാങ്ങിയ 25 ടെലിവിഷനുകൾ നാളിതുവരെയായി പ്രവർത്തിപ്പിച്ചിട്ടില്ല - 2,70,000/- രൂപ പാഴ്ചെലവ്

| ബിൽ നം. | വൗച്ചർ നം., തീ. | ചെക്ക് നം./ തീ. | തുക |
|---|---|---|---|
| 52000781 | 22000781/28-10-2021 | 770017/23-10-2020 | 270000 |

പ്രസ്തുത വൗച്ചർ പ്രകാരം വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന ആവശ്യത്തിനായി 27 ടെലിവിഷനുകൾ വാങ്ങി ഗ്രാമ പഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുണ്ട്. ഇൻവോയിസ് പ്രകാരം 13-08-2020 നാണ് ടെലിവിഷനുകൾ ലഭ്യമായിട്ടുള്ളത്. ടെലിവിഷനുകളെ സംബന്ധിക്കുന്ന വിവരങ്ങൾ എല്ലാം തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും എല്ലാ ടെലിവിഷനുകളും വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ഉതകും വിധം പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടോ എന്നുമറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 39 ന ലഭ്യമായ 27 ടെലിവിഷനുകളിൽ ആകെ 2 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിപ്പിക്കുന്നതെന്നും ബാക്കി 25 അങ്കണവാടികളിൽ ടെലിവിഷൻ ഫിറ്റ് ചെയ്തിട്ടില്ല എന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ടെലിവിഷൻ ലഭിച്ച സമയത്ത് എല്ലാ അങ്കണവാടികളിലും വൈദ്യുതി ലഭ്യമായിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെ ടി.വി കൾ ഫിറ്റ് ചെയ്ത് പ്രവർത്തനസജ്ജമാക്കി പ്രയോജനപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. ഇവയുടെ വാറന്റി പിരീഡ് ഇതിനോടകം കഴിഞ്ഞിട്ടുള്ള പക്ഷം ഇത്രയും കാലതാമസത്തിന് ശേഷം ടെലിവിഷനുകൾ ഫിറ്റ് ചെയ്ത് പ്രവർത്തിപ്പിക്കുമ്പോൾ എന്തെങ്കിലും തകരാർ കണ്ടെത്തിയാൽ ആയത് പരിഹരിക്കാൻ വീണ്ടും തുക വകയിരുത്തേണ്ട അവസ്ഥ നിലനിൽക്കുന്നു. കോവിഡ് പ്രതിസന്ധി രൂക്ഷമായിരുന്ന സമയത്തെ

ഓൺലൈൻ പഠന ആവശ്യത്തിനായിട്ടാണ് ഇത്രയും ടെലിവിഷനുകൾ ഒരുമിച്ച് വാങ്ങിയത്. ആ സമയത്ത് വിദ്യാർത്ഥികൾക്ക് ഇവ പ്രയോജനപ്പെട്ടതുമില്ല. അടച്ചിട്ടിരുന്ന സ്കൂളുകൾ നിലവിൽ തുറന്ന് പ്രവർത്തിക്കാൻ ആരംഭിച്ച സ്ഥിതിക്ക് ഓൺലൈൻ പഠനത്തിനായി ഇവ പ്രയോജനപ്പെടുത്തുക പ്രായോഗികമല്ല. ആയതിനാൽ പ്രസ്തുത ഇനത്തിൽ ചെലവ് ചെയ്ത 2,70,000/- രൂപ ഒരു പാഴ് ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം പ്രവൃത്തികൾ കൃത്യമായ ആസൂത്രണത്തോടെ നടപ്പിലാക്കാൻ ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്. ടെലിവിഷനുകൾ ഫിറ്റ് ചെയ്ത് പ്രവർത്തനസജ്ജമാക്കി പ്രയോജനപ്പെടുത്താൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിച്ച് തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിൽ പർച്ചേസ് സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-35 ചെലവു രേഖ ഹാജരാക്കിയില്ല-325403/-രൂപ തടസ്സപ്പെടുത്തുന്നു

വെള്ളനാട് പഞ്ചായത്തിലെ വൗച്ചർ പരിശോധനയിൽ മതിയായ രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചിരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.വിശദാംശങ്ങൾ താഴെ.

| വൗച്ചർ നം | തീയതി | തുക |
|---|---|---|
| 135532 | 27/08/2020 | 96285/- |
| 22000843 | 13/11/2020 | 40000/- |
| 22000485 | 19/08/2020 | 50000 |
| 22000500 | 19/08/2020 | 52616 |
| 22000536 | 26/08/2020 | 1002 |
| Nil | 09/07/2020 | 85500 |
| | ആകെ | 325403 |

പ്രസ്തുത ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 39/20, 20/5/2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവു രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-36 റോഡ് നിർമ്മാണ പ്രവൃത്തികളിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ 45 മരാമത്ത് പ്രവൃത്തികളിൽ 3 റോഡ് പ്രവൃത്തികളിൽ മാത്രമാണ് ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/23.09.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ 10% പ്രവൃത്തികളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 68588 | 3430000 | 3430000 | 68588 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 604774 | 2780900 | 2780900* | 604774 |

*സുലേഖ പത്രികയിൽ 2783442/-രൂപ ചെലവഴിച്ചതായി കാണുന്നു. ഇത് വാർഷിക ധനകാര്യപത്രികയിലെ തുകയെക്കാൾ 2542/- രൂപ അധികമാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ .

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | തൻവർഷം നൽകിയ തുക | തൻവർഷം ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 7493591* | പോസ്റ്റ് ഷിഫ്റ്റിംഗ് (പദ്ധതി നം 211/2021) | 79701 | 79701 | 2073292* |
| KWA | 7163800* | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (പദ്ധതി നം 109/2021) | 337074 | 337074 | 6155176* |
| KWA | | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (പദ്ധതി നം 163/2021) | 293312 | 293312 | |

*മുൻവർഷം വിനിയോഗം ലഭിക്കാൻ ബാക്കിയുണ്ടായിരുന്ന തുകകളിൽ വാർഷിക ധനകാര്യപത്രിക പ്രകാരം KSEB യിൽ നിന്നും 5420299/-രൂപയും KWA യിൽ നിന്നും 1008624/- രൂപയും വിനിയോഗം ലഭിച്ചതായി കാണുന്നു. എന്നാൽ ഇവയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്.

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ച് അടവാക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് തുക | തൻവർഷം തിരിച്ച് അടവാക്കിയതുക | വർഷാവസാനം ബാക്കിയുള്ള തുക |
|---|---|---|---|---|
| KURDFC ലോൺ | 65906000 | 640000 | 6159333 | 60386667 |
| EMS ഭവന പദ്ധതി | 1460400 | ഇല്ല | 308200 | *1152200 |

*വിവരങ്ങൾ പരിശോധിക്കാൻ ലോൺ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഇ.എം.എസ് ലോൺ തിരിച്ചടവ് തുകയായ 308200/-രൂപയാണ് ഇനി അടച്ച് തീർക്കുവാൻ ബാക്കി നിൽക്കുന്ന തുകയായി വാർഷിക ധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. (കൂടുതൽ വിവരങ്ങൾ വാർഷിക ധനകാര്യപത്രികാ പരിശോധനാ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.)

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപത്രിക (RP10) പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 22620/- രൂപ വരവുണ്ട്. പ്രസ്തുത വരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998-99 | 64 | 2002-03 | VII-1-13(1) | സമഗ്ര പുരയിട കൃഷി സർക്കാർ പണം അനധികൃതമായി കയ്യിൽ വച്ചു. | റവന്യൂ റിക്കവറി നടപടികൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 21797256 |
| വരവ് | 91505055 |
| ചെലവ് | 109711307 |
| നീക്കിയിരിപ്പ് | 3591004 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,81,476 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക നം 1-19 കാണുക.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

റർബൺ മിഷൻ ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ടുകൾ.

(ഇ)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 6,30,386 | ശ്രീമതി.ദീപ പുരുഷോത്തമൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 50,000 | ശ്രീ.ഉല്ലാസ്, കൃഷി ഓഫീസർ |
| 1-24 | 43,200 | ശ്രീമതി ശ്യാമിനി.വി.എസ്, വി.ഇ.ഒ |
| 1-25 | 2,00,000 | ശ്രീമതി ബിന്ദു.എസ്.ടി, വി.ഇ.ഒ |
| 1-30 | 3,83,487 | ശ്രീമതി ഹേമലത.ആർ, സെക്രട്ടറി |
| 1-31 | 49,000 | ശ്രീമതി ഹേമലത.ആർ,സെക്രട്ടറി |
| 1-35 | 325,403 | ശ്രീമതി.ഹേമലത.ആർ.സെക്രട്ടറി |
| ആകെ | 16,81,476 | |

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം . |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ശ്രീമതി ദീപ പുരുഷോത്തമൻ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | ഹരിപ്രസാദം,പരുത്തിവിള ലൈൻ,തോപ്പുമുക്ക്, വട്ടിയൂർക്കാവ് |
| ശ്രീമതി ഹേമലത.ആർ. സെക്രട്ടറി | സെക്രട്ടറി | അറപ്പുര വിളാകത്ത്, ശ്രീനിലയം. മൈലക്കര |
| ശ്രീ. ഉല്ലാസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ | കാവുങ്കൽ ടി.ആർ.എ.10 തച്ചോട്ടുകാവ്, മലയിൻകീഴ്. |
| ശ്രീമതി ബിന്ദു.എസ്.ടി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | മാധവം, കൈരളി ജംഗ്ഷൻ, നെടുമങ്ങാട്.പി.ഒ |
| ശ്രീമതി ശ്യാമിനി.വി.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വിളയിൽവിളാകത്ത് വീട്, ചാല, തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ |
|---|---|---|
| 2000-01 | KSATVM/GP5/935/18, Dt.14.6.2018 | 4 |
| 2001-02 | KSATVM/GP5/935/18, Dt.14.6.2018 | 2 |
| 2002-03 | KSATVM/GP5/935/18, Dt.14.6.2018 | 7 |
| 2003-04 | KSATVM/GP5/935/18, Dt.14.6.2018 | 9 |
| 2004-05 | KSATVM/GP5/935/18, Dt.14.6.2018 | 19 |
| 2005-06 | KSATVM/GP5/935/18, Dt.14.6.2018 | 15 |
| 2006-07 | KSATVM/GP5/935/18, Dt.14.6.2018 | 6 |
| 2007-08 | KSATVM/GP5/935/18, Dt.14.6.2018 | 2 |
| 2008-09 | KSATVM/GP5/935/18, Dt.14.6.2018 | 2 |
| 2009-10 | KSATVM/GP5/935/18, Dt.14.6.2018 | 8 |
| 2010-11 | KSATVM/GP5/935/18, Dt.14.6.2018 | 25 |
| 2011-12 | KSATVM/GP5/935/18, Dt.14.6.2018 | 6 |
| 2012-13 | KSATVM/GP5/935/18, Dt.14.6.2018 | 9 |
| 2013-14 | KSATVM/GP5/935/18, Dt.14.6.2018 | 7 |
| 2014-15 | KSATVM/GP5/935/18, Dt.14.6.2018 | 11 |
| 2015-16 | KSATVM/GP5/935/18, Dt.14.6.2018 | 21 |
| 2016-17 | KSATVM/GP5/935/18, Dt.14.6.2018 | 23 |
| 2017-18 | KSATVM/GP5/935/18, Dt.14.6.2018 | 38 |
| 2018-19 | KSATVM/GP5/2157/19,dt.01.05.2020 | 42 |
| 2019-20 | KSATVM/GP5/897/21, Dt.02.07.2021 | 24 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്